KNANAYADEEPAM

കൂനാനായദീപം

SINCE 1989

Vol: 28 / Issue: 6 April 2018 ₹ :10/-

3 – ാം ചരമ വാർഷികം

15 – 05 – 2018

ഇടവഴിക്കൽ കുഞ്ഞവറാച്ചൻ (ഇ. കെ. ഏബ്രഹാം)

ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

ക്നാനായ ദീപം

SINCE 1989

2018 ഏപ്രിൽ പുസ്തകം 29 ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

Chief Patron
H.E. Mor Severios Kuriakose
Chief Metropolitan

Patrons
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

Editorial Board

Chief Editor
V. Rev. Roy Mathew Mulamoottil

Managing Editor
Fr. John Mathew Moolamkulam

Members
Abraham Kallissery
Abraham K. Mathew Kdaithara
K. T. Abraham Kariyil
Jose A.T. Amakkattu
Jinto K. Abraham Minerva

Press Manager
Rev. Fr. Jiby Joseph

Press Managing Committee
Arun T. C., Thakidiyil
Juby K. Jacob Kollamparambil
Thomaskutty A. Kurian Aphisil
Manish Joy Ozhukuthara
Jacob Kuruvilla Anakkattu
Mathew Kuruvilla Puthiyaparambil

Ex-officio Members
Commander T. O. Elias
(Lay Trustee)
Prof. Abraham Punnoose
(Samudaya Secretary)

Designing
Greeshma Designs
(M) 9447304348
gdesignktm@gmail.com

Address
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
kna.deepam@gmail.com

Visit www. knanayadeepam.com

ഉള്ളടക്കം

എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

ബൈബിൾ : ഒരു ആമുഖ പഠനം 06
ഫാ. ജിനു കുരുവിള

മലങ്കരസഭ 08
പ്രൊഫ. പി. കെ. സ്കറിയ

ഘോഷയാത്രകളും ക്രിസ്തീയ ആരാധനയും 10
റെജി കൊണ്ടോടി

The Face of Judas Iscariot 15
ടോമി, കുറിച്ചി

പൗരോഹിത്യം തിരുവചനത്തിന്റെ വെളിച്ചത്തിൽ 16
പ്രൊഫ. എം. എ. ഏബ്രഹാം

പവിഴങ്ങളുടെ പറുദീസായിൽ 18
പ്രൊഫ. ടോണി മാത്യു

വചനാമൃതം 20
ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ

പശ്ചാത്താപം (കവിത) 22
ഏബ്രഹാം കെ. അറയ്ക്കൽ

ഏകമധ്യസ്ഥനും വ്യാജപ്രബോധകരും 23
എ.യു. തോമസ്

ദൈവരാജ്യം ഇങ്ങനെയുള്ളവരുടേത് 23
സി.ഐ.ചാക്കോ

കർത്താവിന്റെ മലർവാടി 26

കാല്പാടുകൾ 39
എബി

കുടുംബചിന്തകൾ 40
ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ

ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

editorial

എഡിറ്റോറിയൽ

ഈഖാബോദ്-ഇന്നും

ഇസ്രായേലിന്റെ ചരിത്രത്തിൽ അങ്ങനെ സംഭവിച്ചു. "മഹത്വം ഇസ്രായേലിൽ നിന്നും പൊയ്പ്പോയി. യെരിഹോവിനെ ഇടിച്ചു നിരത്തിയപെട്ടകം ഫെലിസ്ത്യരുടെ പിടിയിലായി. മഹത്വം പൊയ്പ്പോയ ഇസ്രായേലിന്റെ പ്രതീകമാണ് 'ഈഖാബോദ്'. കണ്ണുമങ്ങിയ ഏലിപുരോഹിതന്റെ കൊച്ചുമകനാണ് ഇദ്ദേഹം. നിയമപ്പെട്ടകം ദാവീദിന്റെ കാലത്താണ് തിരികെ യെരുശലേമിൽ കൊണ്ടുവന്നത്.

ഈ ഈഖാബോദ് ആളത്വമായി അല്ലെങ്കിലും ഇന്നും ജീവിച്ചിരിപ്പുണ്ട്. ചരിത്രത്തിന്റെ ഏടുകളിൽ മാത്രമല്ല നമ്മുടെ ഇടയിൽ നമ്മുടെ സമുദായത്തിൽ,സഭയിൽ ഈഖാബോദ് ഉണ്ട്. ദർശനം മങ്ങിപ്പോയ പുരോഹിതനായ പിതാമഹന്റെയും ദർശനം നഷ്ടപ്പെട്ട പിതാവിന്റെയും പരാജയത്തിന്റെ മുതൽ കൂട്ടായി പിറന്ന മഹത്വഹീനതയെ നിദർശിപ്പിക്കുന്ന മൂന്നാം തലമുറക്കാരൻ. കാലം മാറിയതുകൊണ്ട് പെട്ടകത്തിന്റെ ശക്തി കുറഞ്ഞുപോയോ. അങ്ങനെ സമാശ്വസിക്കുന്നവർ ശക്തിഹീനതയെ ന്യായീകരിക്കുന്നവർ ഇന്നു സഭയിൽ വളരെയാണ്. എന്നാൽ ഈ തലമുറയിൽ നമ്മുടെ കാതിൽ എത്തുന്ന വിവരങ്ങൾ ആ നിഗമനത്തെ നിരാലംബമാക്കുന്നു. ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ ഇന്നും നടക്കുന്നു. അനേകർ സൗഖ്യമാകുന്നു.

പെട്ടകം പിടിക്കപ്പെട്ടതിന്റെ പിറ്റേന്നാൾ ദാഗോന്റെ തലയും കൈപ്പത്തികളും മുറിഞ്ഞു കിടക്കുന്നു പെട്ടകത്തിന്റെ മുമ്പിൽ, പെട്ടകം ഫെലിസ്ത്യർക്ക് "ദൈവത്തിന്റെ കൈ" ആയി മാറുന്നു. പട്ടണം മാറ്റി നോക്കിയിട്ടും പെട്ടകത്തിന്റെ ശക്തിക്കുമാറ്റമില്ല. യോർദ്ദാനിൽ പെരുവഴിയുണ്ടാക്കിയ പെട്ടകം പെരുവഴിയായി തന്നേ മടങ്ങിവന്നിരിക്കുന്നു. അതിന് അതിന്റേതായ മഹത്വമുണ്ട്. പഴയ ശക്തിയുണ്ട്, അധികാരമുണ്ട്. "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യൻ തന്നെ".

ജലസംഭരണി നിറയെ വെള്ളമുള്ളപ്പോൾ പൈപ്പു വരണ്ടിരിക്കുന്നതു കണ്ടിട്ടില്ലേ. പൗവ്വർ സ്റ്റേഷനിൽ ഒരു തകരാറുമില്ലാത്തപ്പോൾ നമ്മുടെ വീട്ടിലെ ബൾബുകൾ കത്താതിരിക്കുന്നില്ലേ? വീട്ടിലെ സർക്യൂട്ടിലാണ് കേട്. ഇതു ഗ്രഹിക്കാതെയാണ് അനേകർ യഹോവയുടെ പെട്ടകത്തിൽ നോക്കുക. അവർ നോക്കേണ്ടിയിരുന്നതു പെട്ടകത്തിലേക്കല്ല തങ്ങളുടെ ഹൃദയങ്ങളിലേക്കായിരുന്നു. പെട്ടകം പിടിക്കപ്പെട്ട് ഏഴുമാസം കഴിഞ്ഞിട്ടും സ്വയ പരിശോധനയ്ക്ക് തയ്യാറായില്ല. ദുർഫലം? അന്ന് ഫെലിസ്ത്യരുടെ മുമ്പിൽ മുപ്പതിനായിരം പേർ വീണെങ്കിൽ ഇന്ന് പെട്ടകത്തിന്റെ മുമ്പിൽ അമ്പതിനായിരത്തിൽപരം പേർ ഹതന്മാരായി വീണു. (1.ശമു.6:19) അതും പുരോഹിതപട്ടണത്തിൽ, സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽവാഹകന്മാരായി നെടുകയും കുറുകയും നടക്കുന്ന വേലക്കാരിൽ ഭൂരിഭാഗം പേരും ദൈവരാജ്യത്തിനു പുറത്തായിരിക്കും (മത്താ.7:22 -23) എന്നോട് കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. ദൈവീക ദർശനം മങ്ങി ദൈവഭയം തൊട്ടുതീണ്ടിയിട്ടില്ലാത്ത പുരോഹിത പുത്രന്മാർ, ഹൊഫ്നിയും ഫിനഹാസും നിയമപെട്ടകത്തോടുകൂടെ ഉണ്ടായിരിക്കുമ്പോൾ പെട്ടകത്തോടുകൂടെ ദൈവം ഉണ്ടായിരിക്കയില്ല. ആർപ്പിന്റെ ഒച്ച നിലവിളിയായി മാറും.

യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരെ നിങ്ങളെ തന്നെ നിർമ്മലീകരിപ്പിൻ (യെശ.52:11) സഭയാം ശരീരത്തിലൂടെയാണ് ദൈവത്തിന്റെ ശക്തി വ്യാപരിക്കുന്നത്. ഓരോ വിശ്വാസിയും ആ ശരീരത്തിൽ അവയവങ്ങളത്രേ. ഒരു അവയവം മറ്റേ അവയവത്തേ ഉപദ്രവിക്കുമോ. അങ്ങനെ എങ്കിൽ വിശ്വാസികൾ തമ്മിൽ കേസുകൾ, വഴക്കുകൾ കക്ഷിതിരിവുകൾ എന്നു വേണ്ട എവിടെ സമാധാനം സന്തോഷം, സ്നേഹം.

ഈ കാലഘട്ടത്തിന്റെ ആവശ്യം അറിവു വിളമ്പികൊണ്ടു നിൽക്കുന്ന കൂടുതൽ പ്രവാചക ശിഷ്യന്മാരെയല്ല. ഇരട്ടിപ്പങ്ക് ആത്മാവിനുവേണ്ടി ഏകാഗ്രചിത്തരായി യോർദ്ദാനിലേക്കു നീങ്ങുന്ന ഏലീശമാരെയാണ്. സാത്താനെ ജയിക്കണമെങ്കിൽ കേവലം ആർപ്പുവിളി പോരാ വിശ്വസ്തരായ ശമുവേൽ പ്രവാചകന്മാർ എഴുന്നേല്ക്കണം. ദൈവസന്നിധിയിൽ ഹൃദയം നൊന്തു പകരുന്ന ഹന്നാമാർ രംഗത്തുവരണം. തോൾപൊക്കമേറിയ ശൗലിനേപോലെ പുതുപണക്കാർ, സൗന്ദര്യമുള്ളവർ വർദ്ധിച്ചതുകൊണ്ട് ഇസ്രായേലിന്റെ സ്ഥിതിക്ക് മാറ്റം ഉണ്ടാകയില്ല. അതിന് ദൈവയിഷ്ടം ചെയ്യുന്ന ദാവീദ് എഴുന്നേല്ക്കണം. പൊയ്പോയ മഹത്വം മടക്കികൊണ്ടുവരുന്നതുവരെ അവൻ കണ്ണിന് ഉറക്കവും കൺപോളക്കു മയക്കവും കൊടുക്കയില്ല. ഈഖാബോദിന് പ്രതിവിധി ദാവീദ് ആണ്. നമുക്ക് ദാവീദിനോട് ചേർന്ന് "യഹോവേ നീ നിന്റെ ബലത്തിന്റെ പെട്ടകവുമായി നിന്റെ വിശ്രാമത്തിലേയ്ക്ക് എഴുന്നള്ളണമേ" എന്ന് പ്രാർത്ഥിക്കാം. അപ്പോൾ നഷ്ടപ്പെട്ട എല്ലാ മഹത്വങ്ങളും നമുക്ക് തിരികെ കിട്ടും.

എന്ന് സ്നേഹപൂർവ്വം

നിങ്ങളുടെ പ്രിയ റോയി അച്ചൻ

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം

എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു. (1.കൊരി 15:20) ഓരോരുത്തരും താന്താന്റെ നിരയിലത്രേ, ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ, പിന്നെ അവസാനം (1 കൊരി. 15:23).

ഉയിർപ്പു തിരുനാളിന്റെ രാത്രിയിൽ വിശുദ്ധകുർബ്ബാനയിൽ പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽനിന്നും, ഏവൻഗേലിയോൻ വായനക്കു മുമ്പ്, മദ്ബഹായുടെ തെക്കു ഭാഗത്തുനിന്നുകൊണ്ട് ശുശ്രൂഷകർ വായിക്കുവാൻ വേണ്ടി പരി. പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്ന വേദഭാഗമത്രേ മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. എല്ലാ വർഷവും പരിശുദ്ധ സഭ ഉയിർപ്പുപെരുന്നാൾ കൊണ്ടാടുന്നു. ഈ വേദഭാഗം വായിച്ചു കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചു വിശ്വാസികളെ പരി. സഭ ബോധവാന്മാരാക്കുന്നു. വാങ്ങിപ്പോയവർക്കുവേണ്ടി അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബ്ബാനയിലും ഈ വേദഭാഗം വായിച്ചു വിശ്വാസികളെ ബലപ്പെടുത്തുന്നു.

ഓരോ ക്രിസ്ത്യാനിയുടെയും ജീവിത ലക്ഷ്യം നമ്മുടെ കർത്താവിന്റെ വീണ്ടും വരവാകണം. വി. കുർബ്ബാനയിൽ, "കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ ഏറ്റു പറയുകയും നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു." എന്നത്രേ നാം ഏറ്റു പറയുന്നത്. മരണത്തെ ഓർക്കുക മാത്രം ചെയ്യുന്ന വിശ്വാസികൾ എന്തുകൊണ്ട് ഉയിർത്തെഴുന്നേല്പിനെ ഏറ്റു പറയുന്നു. മരിച്ചവരുടെ ഇടയിൽനിന്നു നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന സത്യം മറച്ചുപിടിക്കാനാണ് ഈ ലോകത്തിന്റെ അധിപതികൾ ശ്രമിച്ചത്. നമ്മുടെ കർത്താവിന്റെ ഘാതകരായ യഹൂദാ പ്രമാണികൾ അധികാരികൾക്കു പണം കൊടുത്തു. ശിഷ്യന്മാർ അവന്റെ മൃതശരീരം അപഹരിച്ച് കൊണ്ടുപോയി എന്ന വാർത്ത ലോകത്തിനു നല്കാൻ ഒരു വിഫല ശ്രമം നടത്തി. എന്നാൽ ഉയിർപ്പുപെരുന്നാളിന്റെ ശുശ്രൂഷയിൽ പുരോഹിതൻ അംശവസ്ത്രം ധരിച്ച് സ്ലീബായും കയ്യിലേന്തി ഒരു സത്യവാചകം ഇപ്രകാരം ചൊല്ലുന്നു, "ഇതാ ഒരു സന്തോഷ വർത്തമാനം ഞാൻ നിങ്ങളെ അറിയിക്കുന്നു, മശിഹാ കബറിൽനിന്നും ഉയിർത്തെഴുന്നേറ്റു തന്റെ ശത്രുക്കളെ പുറകോട്ടടിച്ചോടിച്ചിരിക്കുന്നു" അപ്പോൾ വിശ്വാസികൾ നടത്തുന്ന വിശ്വാസപ്രഖ്യാപനം ഇപ്രകാരമാണ്. അവൻ സത്യമായും ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു." ഉത്ഥിതനായ ക്രിസ്തു സഭയുടെ പ്രവർത്തനങ്ങൾ ഭൂമിയിൽ തുടരുന്നതിനാവശ്യമായ സർവ്വക്രമീകരണങ്ങളും നാല്പതു ദിവസംകൊണ്ടു പൂർത്തീകരിച്ചു, നാല്പതാം ദിവസം സ്വർഗ്ഗത്തിലേക്കു കരേറി. ആശ്വാസദായകനായ റൂഹായെ, അറിവിന്റെയും ശക്തിയുടെയും റൂഹായെ, നമ്മെ വഴിനടത്തുന്നവനായ റൂഹായെ സ്വർഗ്ഗാരോഹണത്തിനുശേഷം പത്താം ദിവസം ശ്ലീഹന്മാരുടെ മേൽ അയച്ചു. പരിശുദ്ധാത്മബലത്തിൽ അവർ സഭയെ പടുത്തുയർത്തി. പത്രോസ് എന്നശ്ലീഹ പ്രമുഖന്മേൽ, കർത്താവു പടുത്തുയർത്തിയ സഭയുടെ അംഗങ്ങളാണ് നാം എന്നതിൽ സന്തോഷിക്കയും ദൈവത്തിനു മഹത്വം കരേറ്റുകയും ചെയ്യാം.



നമ്മുടെ കർത്താവിന്റെ രക്ഷണ്യ പ്രവർത്തനത്തിലെ സകല കാര്യങ്ങളും വി. കുർബ്ബാനയിൽ നാം സ്മരിക്കുന്നു. ഇനിയും കർത്താവ് അനുഷ്ഠിക്കുവാൻ ബാക്കിയുള്ള ഒരു കാര്യം അവന്റെ രണ്ടാംവരവുമാത്രമാണ്. എന്നാൽ തന്റെ പുനരാഗമനവും എല്ലാ വിശുദ്ധ കുർബ്ബാനയിലും നാം സ്മരിക്കുന്നു. "ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്നവനും....." എന്ന പ്രാർത്ഥനയോടെ വിശുദ്ധ രഹസ്യങ്ങളുടെ പടിഞ്ഞാറോട്ടുള്ള എഴുന്നെള്ളത്തും മടങ്ങിപ്പോക്കും നമ്മുടെ കർത്താവിന്റെ രണ്ടാം വരവിന്റെ സ്മരണയാകുന്നു.

കർത്താവു മരണമനുഭവിക്കുന്നതിനു മുമ്പുള്ള വാഗ്ദത്തങ്ങൾ നമുക്കോർക്കാം. "ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലമൊരുക്കിയാൽ ഞാൻ ഇരിക്കുന്നേടത്തു തന്നെ നിങ്ങളെയും ഇരുത്തേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹ.14:3) ഇതേ കാര്യം തന്നെ പൗലോസ്ശ്ലീഹായും നമ്മെ ഓർമ്മപ്പെടുത്തുന്നു., "കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശ്ബദത്തോടും ദൈവത്തിന്റെ കാഹളത്തോടും സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വരികയും, ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിച്ചവരായ നാം അവരോടൊരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെത്തന്നെ ആയിരിക്കും (1 തെസ്സ 4:16-17).

ഇവിടെ ഒരു കാര്യം ചിന്തനീയമാണ്. ക്രിസ്തുവിൽ മരിച്ചവരെയാണ് മുമ്പേ ഉയർത്തെഴുന്നേല്പിച്ച് തന്റെ വിശുദ്ധന്മാരോടുകൂടെ, നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്ഥലത്തേക്ക്, എന്നേക്കും തന്നോടുകൂടെ വസിപ്പാൻ മേഘങ്ങളിലൂടെ കൊണ്ടുപോകുന്നത്. ക്രിസ്തുവിൽ എങ്ങനെയാണ് മരിക്കാൻ സാധിക്കുന്നത് എന്നു നമ്മുടെ കർത്താവ് തന്റെ പരസ്യ ശുശ്രൂഷ കാലത്ത് വ്യക്തമാക്കിയിട്ടുണ്ട്. അഞ്ചപ്പം കൊണ്ടു അയ്യായിരം പേരെപോ

(ശേഷം പേജ് 10)

ബൈബിൾപഠനം 24

ബൈബിൾ: ഒരു ആമുഖ പഠനം

ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ

വിലാപങ്ങൾ

ദൈവാലയം നശിക്കപ്പെടുകയും ബലിയർപ്പണം നിലയ്ക്കുകയും നേതാക്കന്മാർ നാട് കടത്തപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ (BC 587) ലാണ് ഈ പുസ്തകം രചിക്കപ്പെടുന്നത്. എബ്രായ അക്ഷരമാലക്രമത്തിൽ എഴുപ്പെട്ട ഈ പദ്യങ്ങൾ വീണുപോയ യരുശലേമിനെയും തകർക്കപ്പെട്ട ദൈവാലയത്തെയും കുറിച്ചുള്ള വിലാപങ്ങളാണിത്.

പാരമ്പര്യമനുസരിച്ച് യിരമ്യപ്രവാചകനെ ഈ ഗ്രന്ഥത്തിന്റെ കർത്താവായി കരുതിയിരുന്നു. ദിനവൃത്താന്ത പുസ്തകത്തിൽ യിരമ്യാവ് വിലാപഗാനം രചിക്കുന്നതായി പറയുന്നുണ്ട് (2 ദിന.35:25). BC 587 ലെ അടിമത്വകാലത്ത് യിരമ്യാവ് യെരുശലേമിലുണ്ടായിരുന്നു. കൂടാതെ യിരമ്യ പ്രവാചകന്റെ പുസ്തകത്തിന്റെ ഭാഷയും വിലാപങ്ങളുടെ പുസ്തകത്തിന്റെ ഭാഷയും തമ്മിൽ സമാനതകളുണ്ട് (യിരമ്യ 14:14-22).

ഭർത്താവ് മരിച്ചതിനാൽ വിലപിക്കുന്ന സീയോന്റെ വിലാപങ്ങളെന്നപോലെ അഞ്ച് വിലാപ കാവ്യങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. തകർത്ത രാജ്യം മുഴവനെയും വി. നഗരത്തെയും ദൈവാലയത്തേയും അതിന്റെ പ്രഭുക്കന്മാരെയും ശ്രേഷ്ഠരെയും യുവാക്കളെയും വൃദ്ധരെയും അമ്മമാരെയും പെൺകുട്ടികളെയും കുഞ്ഞുങ്ങളെയും ഒരുപോലെ ബാധിച്ചിരിക്കുന്നു. ഇത് പാപത്തിന്റെ ഫലമായി സംഭവിച്ച ദൈവശിക്ഷയാണ്. സംഭവിച്ചതെല്ലാം തങ്ങളുടെ അകൃത്യം മൂലമാണെന്ന് ജനം ഏറ്റുപറയുകയും കർത്താവിന്റെ കാരുണ്യത്തിൽ ആശ്രയിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ മണവാട്ടിയായ യിസ്രായേൽ വീണ്ടും അവിടുത്തേക്ക് സ്വീകാര്യയാകും. ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്ന പ്രവാചകന്മാരുടെ വാക്കുകൾ ദൈവപ്രേരിതമായിരുന്നുവെന്ന് വിലാപത്തിലൂടെ സമ്മതിക്കുന്നു.

ഏറ്റവും നിരാശാജനകമായ ജീവിത സാഹചര്യങ്ങളിലും പ്രത്യാശ കൈവിടാതിരിക്കാനും ഏതു തകർച്ചയിലും ദൈവത്തിന്റെ കാരുണ്യത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കുവാനും കഴിയുമെന്നും പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ പ്രവാചകൻ പ്രത്യാശ നൽകുന്നു. സ്വന്തമായവയെല്ലാം നഷ്ടപ്പെട്ട് അടിമകളായി അന്യദേശത്തേക്ക് നയിക്കപ്പെട്ടവർക്ക് പ്രത്യാശ നൽകുന്നവനാണ് ദൈവം എന്ന് ഈ പുസ്തകം പഠിപ്പിക്കുന്നു.

യെഹസ്ക്കേൽ

നവീകരണ തല്പരനായ യോശിയാ രാജാവിന്റെ ഭരണകാലത്ത് ചിന്താശീലനായി വളർന്നുവന്ന ഒരു യുവാവായിരുന്നു യെഹസ്ക്കേൽ. പുരോഹിതനായ ബൂസിയായുടെ പുത്രനായിരുന്നു ഇദ്ദേഹം 'ദൈവം ശക്തിപ്പെടുത്തുന്നു' എന്നാണ് യെഹസ്ക്കേൽ എന്ന പദത്തിന്റെ അർത്ഥം. ബാബിലോൺ രാജാവായ നെബുക്കദ്നേസർ യൂദായെ കീഴ്പ്പെടുത്തിയപ്പോൾ കുറെ ആളുകളെ പ്രവാസത്തിലേക്ക് കൊണ്ടുപോയി. ആ കൂട്ടത്തിൽ യെഹസ്ക്കേലും ഉൾപ്പെട്ടിരുന്നു. ബാബേലിൽ എത്തിയ പ്രവാചകൻ കേബാർ നദീതീരത്തുള്ള ടെൽ അവീവിലെ കുടുംബങ്ങളോടൊപ്പം താമസിച്ചു

ചരിത്ര പശ്ചാത്തലം

ദൈവജനമായ യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വേദനാജനകമായ സംഭവങ്ങൾ നടന്ന കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രവാചകനാണ് യെഹസ്ക്കേൽ. യൂദായുടെ ആദ്യതകർച്ച (BC 598) യെരുശലേമിന്റെ നാശം (BC 587) രാജ്യത്തിന്റെ സ്വാതന്ത്ര്യം നഷ്ടമായത്, ജനം പ്രവാസത്തിലേക്ക് പോയത്, ശലോമോൻ പണിതതും ദൈവത്തിന്റെ വാസസ്ഥലവുമായിരുന്ന ദൈവാലയത്തിന്റെ നാശം,ദാവീദ് കുടുംബത്തിന് ശാശ്വതമായി വാഗ്ദാനം കിട്ടിയ അധികാരം നഷ്ടമാകുന്നത് തുടങ്ങിയ സംഭവങ്ങളെല്ലാം ഇദ്ദേഹത്തിന്റെ കാലത്താണ് നടന്നത്.

ഘടന

1:1-3:27	പ്രവാചകന്റെ വിളി
4:1-24:27	യൂദായ്ക്കും യെരുശലേമിനും എതിരെ വിധി പ്രസ്താവന
25:1-32:32	ചുറ്റുമുള്ള ജനങ്ങൾക്ക് ശിക്ഷ
33:1-33	പ്രവാചകൻ ജനത്തിന്റെ കാവൽക്കാരൻ
34:1-39:29	രക്ഷയുടെ വാഗ്ദാനം
40:1-48:35	പുതിയ ദൈവാലയവും സമൂഹവും

പ്രവാചകന്റെ വിളി

തന്റെ വിളി ദർശനത്തിൽ അദ്ദേഹം ആദ്യം കാണുന്നത് യെരുശലേം ദൈവാലയത്തിൽ ആയിരുന്ന ദൈവത്തിന്റെ സിംഹാസനം ബാബിലോണിലൂടെ ചുറ്റി നടക്കുന്നതാണ്. ദൈവാലയം നശിക്കുന്നതിന്റെ മുന്നോടിയായിരുന്നു ഇത്. ദൈവം യെഹസ്ക്കേൽ പ്രവാചകനെ വിളിച്ചപ്പോൾ അദ്ദേഹത്തിനു വചനം എഴുതിയ ഒരു ചുരുൾ ഭക്ഷിക്കുവാൻ കൊടുത്തു (2:10). അത് യിസ്രായേലിനുള്ള വിലാപത്തിന്റേയും ശിക്ഷയുടെയും സന്ദേശമായിരുന്നു. ഭക്ഷിച്ച് വായിലെത്തിയപ്പോൾ അത് മധുരമായി തോന്നി. എന്നാൽ ഉദരത്തിൽ എത്തിയപ്പോൾ അത് കൈപ്പ് നിറഞ്ഞതായി തീർന്നു. പ്രവാചകൻ ജനത്തിന് നൽകേണ്ട ദൈവീക സന്ദേശം പ്രസംഗിക്കുവാൻ എളുപ്പമുള്ളതും എന്നാൽ അതിന്റെ ഉള്ള

ടക്കം കഠിനവുമായിരിക്കുമെന്ന് ഇത് സൂചിപ്പിക്കുന്നു.

ഏശയാ പ്രവാചകനെ ശുശ്രൂഷയ്ക്കായി വിളിച്ചപ്പോൾ അതിന് യോഗ്യത ഉള്ളവനാക്കുന്നതിനുവേണ്ടി യാഗപീഠത്തിൽ നിന്ന് തീകട്ട എടുത്ത് പ്രവാചകന്റെ അധരങ്ങളിൽ വചനം നിക്ഷേപിച്ച് അദ്ദേഹത്തെ നിയോഗിച്ചു. ഇവിടെ യെഹസ്ക്കേൽ പ്രവാചകന് വചനം എഴുതിയ ചുരുൾ നൽകി കൊണ്ട് അത് ഭക്ഷിക്കുവാൻ നൽകി. എഴുതപ്പെട്ട ചുരുളിലുള്ള ദൈവത്തിന്റെ സന്ദേശമാണ്. വചനം പ്രവാചകന്റെ ഭക്ഷണമാണ്. അതിനാൽ പ്രവാചകന്റെ സാന്നിധ്യം, ദൈവത്തിന്റെ തന്നെ സമൂഹത്തിലുള്ള സാന്നിധ്യമായി മാറുന്നു.

ദൈവ ശാസ്ത്ര ചിന്തകൾ

യിരമ്യാ പ്രവാചകന്റെ ഏക ദൈവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ഏശായ പ്രവാചകന്റെ ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും യെഹസ്ക്കേൽ പ്രവാചകനെ സ്വാധീനിച്ചു. ദൈവത്തിന്റെ ഔന്നത്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് ആദ്യം കാണുന്നത്. ഉയർന്നും പൊങ്ങിയും (യെശ. 6) ഇരിക്കുന്ന സിംഹാസനത്തിൽ വസിക്കുന്നവനും പരിശുദ്ധിയുടെ വിളനിലമായും ദൈവത്തെ ദർശിക്കുന്നു. ഈ പരിശുദ്ധിയുടെ മുമ്പിൽ, യിസ്രായേലിന്റെ പാപത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് പ്രവാചകന് ലഭിക്കുന്നു. ദൈവത്തിന്റെ വിശുദ്ധിക്കനുസരണമായി ഉയരാതെ അശുദ്ധമാക്കുന്ന അന്യദൈവങ്ങളെ ആരാധിച്ചതായിരുന്നു യിസ്രായേലിന്റെ വലിയ പാപം.

യിസ്രായേലിന് പൊതു സമൂഹത്തിൽ സ്വീകാര്യത ലഭിക്കുവാൻ കാരണം ദൈവത്തിന്റെ സ്നേഹവും കാരുണ്യവും മാത്രമായിരുന്നു. എന്നാൽ യിസ്രായേൽ അവിശ്വസ്തയായി തീർന്നു എന്നു മാത്രമല്ല അവൾസോദോമിനെക്കാളും ശമര്യയെക്കാളും പാപിനിയുമായി (16:49-51). വിഗ്രഹാരാധനയുടെ കാഠിന്യവും തത്ഫലമായുണ്ടാകുന്ന നാശവും പ്രവാചകൻ പ്രതീകങ്ങളിലൂടെ വിവരിക്കുന്നു (യെഹ.23). വിഗ്രഹാരാധനയുടേയും മറ്റുപാപങ്ങളുടേയും അശുദ്ധിയുടേയും ഫലമായി ദൈവത്തിന് യെരുശലേമിലുള്ള തന്റെ ആലയം ഉപേക്ഷിച്ചു പോകേണ്ടി വരുന്നതായാണ് യെഹസ്ക്കേൽ പ്രവാചകൻ അവതരിപ്പിക്കുന്നത്. വിഗ്രഹാരാധനയുടെ ഫലമായി ദൈവം ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തു നിന്ന് (9:3) ദൈവവാലയത്തിലെ നടുത്തളം വഴി (10:3-4) കിഴക്കേ പടിപ്പുരയിലേക്കും (10:19) പിന്നെ വിശുദ്ധ നഗരം വിട്ട് കിഴക്ക് വശത്തുള്ള ഒലിവ് മലയിലും (11:23) തുടർന്ന് ബാബിലോണിലേക്കും നീങ്ങുന്നു. അശുദ്ധിയുള്ളിടത്ത് അതായത് പലതരത്തിലുള്ള വിഗ്രഹങ്ങളുള്ളിടത്ത് പരിശുദ്ധനായ ദൈവത്തിനു വസിക്കുവാൻ സാധ്യമല്ല എന്ന് ഇത് കാണിക്കുന്നു.

ദൈവത്തോട് മത്സരിക്കുവാൻ ശിക്ഷാർഹമാണ് എന്ന ദൈവ ശാസ്ത്ര ചിന്തയും ഈ പുസ്തകം നൽകുന്നുണ്ട്. അവർക്കുവേണ്ടി മാദ്ധ്യസ്ഥത കഴിച്ചാലും വ്യക്തികൾ തങ്ങളുടെ പാപത്തിന്റെ ഫലം അനുഭവിച്ച മതിയാകൂ (14:14).

വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള പ്രവാചകന്റെ ദർശനമാണ് ഇവിടെ നിഴലിക്കുന്നത്. ദുഷ്ടന്റെ മരണത്തിൽ ദൈവത്തിനു സന്തോഷമില്ല. അവൻ പാപമാർഗം ഉപേക്ഷിച്ച് ജീവൻ പ്രാപിക്കണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. പുത്രന്റെ തെറ്റിനു പിതാവോ, പിതാവിന്റെ തെറ്റിനു പുത്രനോ ശിക്ഷിക്കപ്പെടുകയില്ല. ഓരോരുത്തർക്കും അവരവരുടെ പ്രവർത്തികൾക്കുള്ള പ്രതിഫലം ലഭിക്കും.

ദൈവാലയ കേന്ദ്രീകൃതമായ ഒരു ദൈവശാസ്ത്രമാണ് ഈ പുസ്തകത്തിന്റെ മറ്റൊരു സവിശേഷത. പുന:സ്ഥാപിക്കപ്പെടുന്ന യിസ്രായേലിന്റെ കേന്ദ്രം ദൈവാലയമായിരിക്കും. ഒരു പുതിയ ദൈവാലയം എന്നതിനെക്കാൾ ദൈവാലയ കേന്ദ്രീകൃതമായ യെരുശലേമിനെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. (40-48). പൂർത്തികരിക്കപ്പെട്ട ദൈവാലയത്തിൽ നിന്ന് ഒരു നദി പുറപ്പെടും (47:1-12) അത് യെരുശലേമിൽനിന്ന് ചാവുകടലിലേയ്ക്കൊഴുകുകയും അത് ഒഴുകുന്ന സ്ഥലങ്ങളും ഇന്ന് ജീവജാല രഹിതമായ ചാവുകടലും ജീവൻ കൊണ്ട് നിറയും. അതായത് ദൈവാലയം പുന:സ്ഥാപിച്ചു കഴിയുമ്പോൾ മൃതമായ ദേശത്തെ പുതുജീവൻകൊണ്ട് നിറയ്ക്കും എന്നാണ് ഇത് അർത്ഥമാക്കുന്നത്.

യെഹസ്ക്കേൽ പ്രവാചകന്റെ പുസ്തകത്തെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും രണ്ടായിതിരിക്കാം. പുസ്തകത്തിന്റെ ആദ്യഭാഗം പൊതുവെ ശിക്ഷയെപ്പറ്റിയാണ് (1-33). യൂദായുടേയും യെരുശലേമിന്റെയും അകൃത്യങ്ങളെയും അവിശ്വസ്ഥതയേയും തുറന്നു കാട്ടുകയും അവയ്ക്ക് കഠിനമായ ശിക്ഷ കിട്ടുമെന്നും അതിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാനാവില്ലെന്നു തറപ്പിച്ചു പറയുകയും ചെയ്യുന്നു. ശിക്ഷയുടെ ദിനത്തെക്കുറിച്ചുള്ള പരാമർശം പല ഭാഗത്തും ആവർത്തിച്ചു പറയുന്നു. യെരുശലേം പൂർണ്ണമായും നശിക്കപ്പെടും. കർത്താവിന്റെ മഹത്വം നഗരം വിട്ടു പോകും. യിസ്രായേലിനെ ഞെരുക്കിയ ജനതകൾക്ക് ഭയാനകമായ ശിക്ഷയുണ്ടാകും.

രക്ഷയുടെ വാഗ്ദാനമാണ് പ്രധാനമായും രണ്ടാം ഭാഗത്ത് (34-48) കാണുന്നത്.രക്ഷയ്ക്ക് മുഖാന്തിരം യഹോവയുടെ വിശുദ്ധി തന്നെയാണ്. ഉണങ്ങിയ അസ്ഥികളെ ജീവിപ്പിക്കുന്നത് ദൈവാത്മാവാ ണ്. തന്റെ അജഗണമായ ജനത്തെ കർത്താവ് നേരിട്ട് മേയിക്കും. ചിതറിപ്പോയതിനെ ഒരുമിച്ചു കൂട്ടുകയും മുറിവേറ്റതിനെ വെച്ചുകെട്ടുകയും ചെയ്യും. ശത്രുക്കളെ തകർത്ത് തന്റെ ജനമായ യിസ്രായേലിനു സുരക്ഷിതത്വവും ഐശ്വര്യവും നൽകും. ദൈവം തന്റെ ജനത്തിന് ഒരു പുതിയ ഹൃദയവും ചൈതന്യവും പ്രദാനം ചെയ്യും. പുതിയ ദൈവാലയം ജീവജലത്തിന്റെ ഉറവിടമായിരിക്കും. വിശുദ്ധിയും മഹത്വവും പ്രശോഭിക്കുന്ന ദൈവീക ദർശനത്തിൽ ആരംഭിക്കുന്ന പ്രവചനം യഹോവയുടെ വിശുദ്ധ സന്നിധിയിൽ അനുസരണത്തോടുകൂടി പാർക്കുന്ന ജനങ്ങളെക്കുറിച്ചുള്ള ചിത്രത്തോടുകൂടിയാണ് ഈ പുസ്തകം സമാപിക്കുന്നത്.

(തുടരും)

അഖണ്ഡ പ്രാർത്ഥനയും നീന്തുനേർച്ചയും നടത്തി

വലിയനോമ്പ് സമാപനംകുറിച്ച് ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളിയിൽ ദുഃഖവെള്ളിദിവസമായ മാർച്ച് 30 ന് അഖണ്ഡപ്രാർത്ഥനയും നീന്തുനേർച്ചയും നടത്തി. വികാരി ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ ആമുഖപ്രസംഗം നടത്തി. ഫാ. ജിജോ സെബാസ്റ്റ്യൻ, മറിയാമ്മ ജോർജ് മണപ്പുറത്ത് എന്നിവർ ധ്യാനപ്രസംഗം നടത്തി. അഞ്ചു മണിയ്ക്ക് പ്രഭാതപ്രാർത്ഥന, നന്ദിപ്രാർത്ഥന, യാത്രപറച്ചിൽ എന്നിവയോടെ ഈ വർഷത്തെ ചടങ്ങുകൾ സമാപിച്ചു.

മലങ്കരസഭ

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

മാർ ദിവന്നാസ്യോസ് 5 – ാമൻ
(പുലിക്കോട്ടിൽ ജോസഫ് കത്തനാർ) 1865 – 1909

ഇംഗ്ലീഷ് മിഷനറിമാരുടെ സ്വാധീനം മൂലം തിരുവിതാംകൂർ സർക്കാരിന്റെ ആനുകൂല്യത്തിൽ അജയ്യനായി മാറിയ മാർ മാത്യൂസ് അത്താനസ്യോസി (പാലക്കുന്നത്ത്) ന്റെ കൈകളിൽ മലങ്കര സഭയുടെ സത്യവിശ്വാസം സുരക്ഷിതമല്ലെന്നു മനസ്സിലാക്കിയ സഭാ സ്നേഹികൾ കുന്നംകുളത്ത് പുലിക്കോട്ടിൽ ജോസഫ് കത്തനാരെ, പാലകുന്നത്ത് അത്താനാസ്യോസിനു പകരമായി മലങ്കരമെത്രാനായി വാഴിച്ചുതരണമെന്ന അപേക്ഷയോടുകൂടി അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് യാക്കോബ് ദ്വിതിയൻ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ അയച്ചു. ജോസഫ് കത്തനാർ ദിവന്നാസ്യോസ് അഞ്ചാമൻ എന്ന പേരിൽ വാഴിക്കപ്പെടുകയും 1865 ൽ മലങ്കരയിൽ തിരിച്ചെത്തുകയും ചെയ്തു.

മാർ ദിവന്നാസ്യോസ് അഞ്ചാമൻ, ആദ്യമായി മാർ അത്താനാസ്യോസിന് (പാലകുന്നത്ത്) അനുകൂലമായി നേരത്തെ ഉണ്ടായിട്ടുള്ള രാജകീയ വിളംബരവും സർക്കുലറും അസ്ഥിരപ്പെടുത്തണമെന്നു കാണിച്ച് ദിവാന് അപേക്ഷ നൽകി. എന്നാൽ റസിഡന്റിന്റെ സ്വാധീനത്തിൽ ആയിരുന്ന ദിവാൻ ദിവന്നാസ്യോസിന്റെ അപേക്ഷ തള്ളുകയും, വേണമെങ്കിൽ കോടതി കയറാൻ ആജ്ഞാപിക്കയും ചെയ്തു. ഇതിൻമേൽ മാർ ദിവന്നാസ്യോസ് മദ്രാസ് ഗവൺമെന്റിനു കൊടുത്ത അപ്പീലും തള്ളപ്പെട്ടു. തിരുവിതാംകൂർ ഹൈക്കോടതിയും വിപരീത തീരുമാനം പുറപ്പെടുവിച്ചു.

അതുപോലെതന്നെ വട്ടിപ്പണത്തിന്റെ ദീർഘകാലത്തെ പലിശ മാർ അത്താനാസ്യോസിന് നൽകരുതെന്ന് മാർ ദിവന്നാസ്യോസും പല പള്ളിക്കാരും ഹർജി കൊടുത്തെങ്കിലും അതും ഗൗനിക്കാതെ മാർ അത്താനാസ്യോസിന് പലിശ പണം കൊടുക്കാൻ മദ്രാസ് ഗവൺമെന്റ് അനുവദിച്ചു. അത്താനാസ്യോസിന് മിഷണറിമാരിലും ബ്രിട്ടീഷ് റസിഡന്റിലും ഉണ്ടായിരുന്ന സ്വാധിനം ആയിരുന്നു ഇതിന്റെയൊക്കെ കാരണം.

1865 മുതൽ ഏതാണ്ട് 9 ൽ പരം വർഷം ശ്രമിച്ചിട്ടും ഒന്നും സാധിക്കാതെ നിരാശനായ മാർ ദിവന്നാസ്യോസ് 5–ാ മൻ അറ്റകൈ ആയി എല്ലാ കാര്യങ്ങളും അന്ത്യോഖ്യാ പാത്രിയർക്കിസിനു സമർപ്പിച്ചു. മലങ്കര സഭയിലെ ഏറെ ഗുരുതരമായ അവസ്ഥ മനസ്സിലാക്കിയ അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് ത്രിതിയൻ പാത്രിയർക്കീസ് ബാവാ 1874 ൽ ലണ്ടനിൽ എത്തി ഇൻഡ്യാ സെക്രട്ടറി മുതലായവരുടെ അടുക്കൽ നിവേദനം നൽകി വാദിക്കയും പാത്രിയർക്കീസിന്റെ പരാതികൾ കഴിയുന്നതും അദ്ദേഹത്തിന് അനുകൂലമായി തീരുമാനിക്കണമെന്ന് മദ്രാസ് ഗവൺമെന്റിനുള്ള ശുപാർശ കത്തുമായി ഇൻഡ്യയിലേക്കു കപ്പൽ കയറുകയും ചെയ്തു.

പരി.ബാവ ഇവിടെ എത്തിയപ്പോൾ തിരുവിതാംകൂർ ഗവൺമെന്റിന് മുൻപ് ചെയ്ത അനീതികൾ ബോദ്ധ്യപ്പെടുകയും സുറിയാനി സഭയിലെ മെത്രാന്മാരെ നിയമിക്കുകയും നീക്കുകയും ചെയ്യുന്നതിനുള്ള അവകാശത്തെ ഒഴിഞ്ഞും. എല്ലാ കക്ഷികളും തങ്ങളുടെ വാദങ്ങൾ സിവിൾ കോടതി മുഖാന്തിരം തീർത്തുകൊള്ളണമെന്ന് ആജ്ഞാപിച്ചും 1876 മാർച്ച് 4–ാം തീയതി വിളംബരം പ്രസിദ്ധപ്പെടുത്തി.

അങ്ങനെ മലങ്കരസഭാസ്ഥാപനം മുതൽ പോർട്ടുഗീസുകാരും (റോമൻ കത്തോലിക്കർ) പ്രൊട്ടസ്റ്റന്റുകാരായ ബ്രിട്ടീഷ് മിഷണറിമാരും വരുന്നതുവരെ കേരളത്തിലെ ഹിന്ദുഭരണാധികാരികൾ സുറിയാനിക്കാർക്ക് അനുവദിച്ചിരുന്ന മതസ്വാതന്ത്ര്യം പുന:സ്ഥാപിതമായി.

ബലം പ്രയോഗിച്ച് സുറിയാനിക്കാരെ വിശ്വാസ പരിവർത്തനം നടത്താമെന്ന് ആശിച്ചിരുന്ന മിഷണറിമാർക്ക് വലിയ നിരാശയായി. പാലകുന്നത്തു മാർ അത്താനാസ്യോസിന്റെ അടുപ്പക്കാരിൽ പലരും അദ്ദേഹത്തെ ഉപേക്ഷിച്ചു.

മുളംതുരുത്തി സുന്നഹദോസ്

മലങ്കര സുറിയാനി സഭയുടെ അടിസ്ഥാനഘടനയിലും ഭരണരീതിയിലും നിർണ്ണായക മാറ്റങ്ങൾക്ക് ഹേതുവായത് ക്രൈസ്തവ സഭാചരിത്രത്തിൽ നിത്യസ്മരണാർഹനായ പത്രോസ് ത്രിതിയൻ പാത്രിയർക്കീസ് ബാവ 1876 മിഥുനം

ഡിസ്റ്റിംഗ്ഷൻ കരസ്ഥമാക്കി

കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നും M.Th. ഡിസ്റ്റിംഗ്ഷനോടെ പാസ്സായ **കിഴക്കേമുട്ടത്തിൽ ബഹു. ജിനു കുരുവിള അച്ചന്**ക്നാനായ ദീപത്തിന്റെ ആശംസകൾ

15,16,17 തീയതികളിലായി വിളിച്ചുചേർത്ത മുളംതുരുത്തി സുന്നഹദോസാണ്. 102 പള്ളികളിൽ നിന്നായി 130 വൈദികരും 140 അൽമായക്കാരും പങ്കെടുത്ത പ്രസ്തുത സുന്നഹദോസിൽ വായിക്കുന്നതിനായി 1876 മിഥുനം15-ാം തീയതി പരി. പാത്രിയർക്കീസ് ബാവ നൽകിയ കല്പന അടിസ്ഥാനമാക്കി താഴെപറയുന്ന പ്രധാനതീരുമാനങ്ങൾ കൈക്കൊണ്ടു. സുന്നഹദോസിൽ വച്ചുതന്നെ മാർ ദിവന്നാസ്യോസ് 5-ാ മനെ മലങ്കര മെത്രാപ്പോലീത്താ ആയി നിയമിച്ച് കല്പന നൽകി.

പരി.പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശാനുസരണം താഴെപറയുന്ന പ്രധാന തീരുമാനങ്ങൾ സുന്നഹദോസ് സ്വീകരിച്ചു.

1. പള്ളികളിൽ വിശ്വാസ സംബന്ധമായോ, മുതൽ സംബന്ധമായോ ഉണ്ടാകാവുന്ന തർക്കങ്ങൾ വ്യവഹാരം വഴിയായോ അല്ലാതെയോ തീർക്കേണ്ടതിന്റെ ചെലവിലേക്കായി ഒരു പൊതുമുതൽ സ്വരൂപിക്കണം.

2. 1876 വരെ മലങ്കരസഭാ ഭരണം ഒരൊറ്റ മെത്രാൻ നടത്തിവരികയായിരുന്നു. എന്നാൽ അവരിൽ ചുരുക്കം ചിലരുടെ ഏകനായക ശക്തിമൂലം സഭയ്ക്ക് ദോഷം സംഭവിച്ചിരിക്കുന്നു (ഉദാ. പാലകുന്നത്ത് അത്താനാസ്യോസ്) സഭ സ്ഥിരപ്പെടുന്നതിനും സഭാ ഭരണത്തിൻ ആവശ്യമെങ്കിൽ മലങ്കരമെത്രാപ്പോലീത്തായ്ക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ' എന്ന ഒരു സമിതി ഉണ്ടാവണം. ആയതിലേക്ക് സുന്നഹദോസിൽ കൂടിയിരുന്ന പട്ടക്കാരിൽ നിന്ന് 8 പേരെയും അൽമേനികളിൽ നിന്ന് 16 പേരെയും തെരഞ്ഞെടുത്തു. മലങ്കര മെത്രാപ്പോലീത്ത പ്രസിഡന്റ് ആയിരിക്കും. ഒരു സെക്രട്ടറിയും ഒരു മുതൽ പിടിക്കാരനും ഉണ്ടായിരിക്കും. മലങ്കര സഭയുടെ ജനായത്ത രീതിയിലുള്ള ഉൾഭരണത്തെ സംബന്ധിച്ച സുപ്രധാന തീരുമാനമായിരുന്നു ഇത്. മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങളും തീർച്ചപ്പെടുത്തുന്നതിന് അസോസിയേഷനെ ചുമതലപ്പെടുത്തി.

3. മലങ്കര മെത്രാപ്പോലീത്തായുടെ സഹായത്തിനും സഭയുടെ മതപരവും ആത്മീകവുമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിനുമായി 6 സഹായമെത്രാന്മാരെ പരി. ബാവ വാഴിച്ചു. ആദ്ധ്യാത്മികഭരണക്രമീകരണങ്ങൾക്കായി പരി.ബാവാ താഴെപറയുന്ന ഭദ്രാസനങ്ങളെ നിശ്ചയിച്ചു (a) കൊച്ചി, (b) അങ്കമാലി, (c) കണ്ടനാട്, (d) കോട്ടയം, (e) നിരണം, (f) തുമ്പമൺ, (g) കൊല്ലം.

4. യാക്കോബായ സുറിയാനി വിശ്വാസവും ഭക്തിയും പരി. സിംഹാസനത്തോടുള്ള വിശ്വസ്ഥതയും എന്നേയ്ക്കും നിലനിൽക്കുന്നതിനും അതു ലംഘിക്കുന്നവരെ പള്ളികളിൽനിന്ന് പുറത്താക്കുന്നതിനും ആവശ്യമായ രജിസ്റ്റർ ചെയ്ത് ഉടമ്പടി എഴുതി പള്ളികളിൽ സൂക്ഷിക്കണം. അതിന്റെ ഒരു പ്രതി പാത്രിയർക്കീസിനു സമർപ്പിക്കണം.

5. കാനോനും ഏകീകൃതമാക്കിയ പള്ളി പ്രാർത്ഥനാക്രമങ്ങളും ശ്രേഷ്ഠാനുമതിയോടുകൂടി അച്ചടിപ്പിച്ച് എല്ലാ പള്ളികളിലും എത്തിക്കണം. വി. കുർബ്ബാന കാനോനികമായി മാത്രം അണയ്ക്കപ്പെടണം (ഒരു ദിവസം രണ്ടുപ്രാവശ്യം കുർബ്ബാന ചൊല്ലുവാൻ എപ്പിസ്ക്കോപ്പായ്ക്കോ കശ്ശീശായ്ക്കോ അധികാരമില്ല. ഒരു ദിവസം ഒരു മദ്ബഹാമേൽ അതായത് തബ്ലൈത്താമേൽ രണ്ടാമതും കുർബ്ബാന അണയ്ക്കുവാനും പാടില്ല (ഹൂദായ കാനോൻ).

6. പള്ളികളിൽ മാമ്മോദീസ,വിവാഹം,ശവസംസ്ക്കാരം എന്നിവയ്ക്ക് പ്രത്യേക രജിസ്റ്റർ ഉണ്ടായിരിക്കണം.

പരി. പത്രോസ് ത്രിതിയൻ പാത്രിയർക്കീസ് ബാവാ കല്പനവഴിയായി നൽകിയ നിർദ്ദേശങ്ങളെല്ലാം സഭാപിതാക്കന്മാർ 'പടിയോല' ആയി സമ്മതപത്രം നൽകി സ്വീകരിച്ചു.

(തുടരും)

ആത്മവിശുദ്ധീകരണ ധ്യാനവും മുഴുരാത്രിപ്രാർത്ഥനയും

ക്നാനായ സുവിശേഷസമാജം കല്ലിശ്ശേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 21, 22, 23, 24 തീയതികളിൽ നടത്തപ്പെട്ട ആത്മവിശുദ്ധീകരണ ധ്യാനവും മുഴുരാത്രിപ്രാർത്ഥനയുടെയും ഉദ്ഘാടനം കല്ലിശ്ശേരി വലിയപള്ളിയിൽ കല്ലിശ്ശേരി മേഖല അധിപൻ അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിക്കുന്നു. റവ. ഫാ.ജോസഫ് എം.കുരുവിള മാതാംപറമ്പിൽ, വന്ദ്യ ശെമവൂൻ റമ്പാൻ, ശ്രീ. ബാബു കൊന്നയിൽ പള്ളത്ത് തുടങ്ങിയവർ സമീപം.

ഘോഷയാത്രകളും ക്രിസ്തീയ ആരാധനയും

റെജി കൊണ്ടോടി

എല്ലാ മതങ്ങളുടെയും ആരാധനയിൽ ഘോഷയാത്ര അഥവാ പ്രദക്ഷിണത്തിന് പ്രധാന സ്ഥാനമുണ്ട്. മതാനുയായികളെ ഒരുമിച്ചു ചേർക്കുവാനും മതത്തിന്റെ അടിസ്ഥാന വിശ്വാസ സത്യങ്ങളിൽ ചിലത് നാടകീയമായി അവതരിപ്പിക്കുവാനും ഉതകുന്നു:

പഴയനിമത്തിൽ

രക്ഷാചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അനുസ്മരിക്കുന്ന ഘോഷയാത്രകൾ യഹൂദ ആരാധനയിലും ഉണ്ടായിരുന്നു. "ഇസ്രായേലിന്റെ വാഗ്ദത്ത നാട്ടിലേക്കുള്ള (ഘോഷ) യാത്ര" പഴയനിയമ വേദവിജ്ഞാനീയത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ് പഴയനിയമ ചരിത്രം മുഴുവനും തന്നെ ഇസ്രായേലിന്റെ വിജയഘോഷയാത്രയുടെ വിവരണമാണ്.

ഈജിപ്തിൽ നിന്നുള്ള വിമോചനവും വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയും ഇസ്രായേലിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാന ഘോഷയാത്രയായിരുന്നു. രാത്രി അഗ്നിസ്തംഭത്തിലും പകൽ മേഘത്തൂണിലും യഹോവ ആ ഘോഷയാത്രയിൽ സന്നിഹിതനായി ആ ഘോഷയാത്ര നയിച്ചു. അതിൽ പങ്കെടുത്തവർക്കു മന്നായും കാടപ്പക്ഷിയും മരുഭൂമിയിൽ വെള്ളവും യഹോവ നൽകി. അതിന്റെ പരിസമാപ്തി കുറിച്ചത് യരിഹോവിന്റെ പതനവും (യോശു.6) കനാൻ നാടിന്റെ മേലുള്ള വിജയവും ആയിരുന്നു. സാക്ഷ്യപ്പെട്ടകം യെരുശലേമിൽ സ്ഥാപിച്ചതും (2.ശമു:6) ശലോമോന്റെ ദേവാലയ ശുദ്ധീകരണം നടത്തിയതും (1. രാജ. 8:1-3). യഹൂദ ആരാധനയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ ആണ്. രാജ്യം ഘോഷയാത്രകളോടെ ആണ് ആഘോഷിച്ചത്. കനാനിലേക്കുള്ള യാത്രയും പ്രവാസത്തിനുശേഷം യേരുശലേമിലേക്കുള്ള തിരിച്ചുവരവുമെല്ലാം അതിബൃഹത്തായ ഘോഷയാത്രകളായിട്ട് ആയിരുന്നു. (സംഖ്യ.9:10, യോശു.6, സങ്കീ.104,113,125,യെശയ്യാ1-60) ഇവയുടെ പ്രത്യേകത യഹോവയുടെ സാന്നിദ്ധ്യമാണ്. മരുഭൂമിയിൽ ഊടാടി സഞ്ചരിച്ചിരുന്ന യിസ്രായേലിന്റെ ജീവിതത്തിൽ യഹോവ പങ്കാളി ആയിരുന്നതായി യഹൂദന്മാർ വിശ്വാസിച്ചിരുന്നു. യെരുശലേം ദേവാലയത്തിന്റെ ശുദ്ധീകരണ സമയത്ത് യഹോവ ദേവാലയത്തിൽ വന്ന് വസിച്ചതായും അവർ കരുതി. ദേവാലയത്തിലേക്ക് യഹോവയെ എതിരേല്ക്കുവാൻ വേണ്ടിയായിരുന്നു ദേവാലയ ശുദ്ധീകരണത്തിന്റെ അവസരത്തിൽ ഘോഷയാത്രയുണ്ടായിരുന്നത്. (2.ശമു.6, 1.രാജ.8, സങ്കീ.24,66,118, നെഹ. 12:31-38).

പഴയ നിയമചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അനുസ്മരിക്കുവാൻ യൂദന്മാർ മൂന്ന് പെരുന്നാളുകൾ ആചരിച്ചിരുന്നു. പെസഹാപെരുന്നാൾ ഈജിപ്റ്റിൽ നിന്നുള്ള രക്ഷയും, പെന്തിക്കോസ്തി ന്യായപ്രമാണം കിട്ടിയതിന്റേയും കൂടാരപ്പെരുന്നാൾ മരുഭൂവാസത്തിന്റേയും സ്മരണകൾ ആയിരുന്നു. പഴയചരിത്രത്തിന്റെ കേന്ദ്രബിന്ദു പുറപ്പാട് ആണ്. അതായത് വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയാണ്. ആ യാത്രയിലെ പ്രധാനപ്പെട്ട മൂന്ന് സംഭവങ്ങളിൽ യിസ്രായേൽ ജനതയെ പങ്കാളികൾ ആക്കുവാനായിരുന്നു ഈ പെരുന്നാളുകൾ ആചരിച്ചിരുന്നത്. കർത്താവിനു മുമ്പുള്ള യഹൂദമത ജീവിതത്തിൽ പ്രത്യാശയും ചലനാത്മകതയും പകർന്ന് മ്ശിഹായുടെ വരവിലുള്ള വിശ്വാസവും വാഗ്ദത്ത നാടിനെക്കുറിച്ചുള്ള പ്രതീക്ഷയും ആണ്. വാഗ്ദത്തനാട്ടിലേക്കു "ആത്മീയ യാത്ര" തുടരുന്നതായി യഹൂദൻമാർ വിശ്വസിച്ചിരുന്നു. പ്രവാസകാലത്തെ ജീവിതത്തിന്റെ അനുസ്മരണയ്ക്കായി യെരുശലേമിലേക്ക് തീർത്ഥയാത്രകൾ നടത്തിയിരുന്നതായി പിൽക്കാല യഹൂദ ചരിത്രത്തിൽ കാണാം.

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം (5 – ാം പേജ് തുടർച്ച)

ഷിപ്പിച്ചപ്പോൾ, അതിൽ സംതൃപ്തരായി അടുത്ത പ്രഭാതത്തിൽ തന്നെ കർത്താവിന്റെ അടുക്കൽ ചെന്ന പുരുഷാരത്തോടു കർത്താവു പറഞ്ഞു, നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ, അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും (യോഹ.6:27) കൂടാതെ എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്., ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപിക്കും (യോഹ. 6:54).

സകല കാര്യങ്ങളും ഇവിടെ പകൽപോലെ വ്യക്തമാണ്. കർത്താവു വാഗ്ദത്തം ചെയ്തിരിക്കുന്ന നിത്യ ജീവനും, കർത്താവിനോടും വിശുദ്ധന്മാരോടുമൊരുമിച്ചുള്ള നിത്യമായ വാസത്തിനും നാം യോഗ്യരായിത്തീരുവാൻ തന്റെ തിരുശരീരരക്തങ്ങൾ നാം ആഹരിക്കണം. ദേവാലയത്തോടും അനുഷ്ഠിക്കപ്പെടുന്ന വിശുദ്ധ കുർബ്ബാനയോടും, വി. കുർബ്ബാന അർപ്പിക്കുന്ന പൗരോഹിത്യത്തോടും അഭേദ്യമായ ബന്ധം ഓരോവിശ്വാസിക്കും ഉണ്ടായിരിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ് വലിയ മെത്രാപ്പോലീത്താ

"ഞാൻ നല്ല പോർ പൊരുതു. ഓട്ടം തികച്ചു. വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു."

40 – ാം ചരമദിനം
(April 24th, 2018)

ഏലിയാമ്മ ജോസഫ് (കുഞ്ഞുഞ്ഞമ്മ) – 81

പുതുവീട്ടിൽ പീടികയിൽ, കിടങ്ങറ (Hartford, USA)

ഭർത്താവ് : പരേതനായ പുതുവീട്ടിൽ പീടികയിൽ എബ്രഹാം ജോസഫ് (തങ്കച്ചൻ)

പരേത ഇരവിപേരൂർ കൈപ്പകശ്ശേരിൽ പരേതരായ എബ്രഹാം – ഏലിയാമ്മ ദമ്പതികളുടെ സീമന്തപുത്രിയാണ്.

മക്കൾ : ബെറ്റി, ബിനോ, ബിജു, ബെന്നി, ബെക്കി, സുമോൾ, ബിന്ദു & ബിനോയ് (എല്ലാവരും USA)

ജാമാതാക്കൾ : ഫാ. മർക്കോസ് ചാലുപറമ്പിൽ, രാജു ഇളയശേരിൽ, ഷൈല കാവുങ്കൽ, അനില മാണിക്കമംഗലം, സജി കണ്ണങ്കര പുത്തൻപുരയിൽ, സിബി ചരിവുപറമ്പിൽ, ബിജോയ് കല്ലേമണ്ണിൽ, നിത്യ കണ്ണൻകുഴയത്ത്

Advt - O

KNANAYA SAUDI ASSOCIATION

Kingdom of Saudi Arabia - Dammam
Managing Committe 2017-2018

PRESIDENT

SAJI CHACKO
Chenthiyil House
Eraviperoor

SECRETARY

SHENOD T. THOMAS
Thycakathu House
Thiruvanvandoor

TRUSTE

MATHEW THOMAS
Elamkavil House
Ranny

PRAYER PRESIDENT

M. K. BIJU
Palappurackal House
Kottayam

Committe Members

BIJU KURIAKOSE
Manalalchirayil House
Chengalam

SUNDAY SCHOOL HEADMASTER

JOMON KURIAKOSE
Kavumkal House
Ranny

JERRY KURIAKOSE
Mulackanchira House
Chingavanam

ROJY KURIAKOSE
Plathodathil House
Eraviperoor

BINU SRAMPIYIL
Srampiyil House
West Othara

SUJITH MATHEW
Arthumannil House
Eraviperoor

REMIT KURIAKOSE
Kannakuzhiyil House
Eraviperoor

KEWIN KURUVILLA
Pozhimannil House
Thuruthicad

BINO RAJAN
Velukizhakethil House
Chingavanam
(Prayer Committe)

JERIN JOJI
Thythara House
Chingavanam
(Prayer Committee)

16th KNANAYA CONVENTION

2nd Wedding Anniversary

23-04-2018

JERRIN PUNNOOSE U.K

JIKSY JERRIN U.K

(Daughter - Naira Sara Jerrin)

VATTOTHRA, VALLAMKULAM, THIRUVALLA

With Best Wishes & Prayers

JELBY & THARUN

RINKU SABU, RINTU SABU

Advt - O

നീലംപേരൂർ സെന്റ് ജോർജ് ക്നാനായവലിയപള്ളി ഇടവകയിൽ പരപ്പുത്തറ തോമസ് ഏബ്രഹാമിന്റെയും ആലീസ് തോമസിന്റെയും മകൻ **MITHIN** ഉം നീലംപേരൂർ സെന്റ് ജോർജ് ക്നാനായവലിയപള്ളി ഇടവകയിൽ വേങ്ങച്ചേരിൽ റോയി തോമസിന്റെയും അനിത റോയിയുടെയും മകൾ **RINKU** ഉം തമ്മിലുള്ള വിവാഹം 2018 ഫെബ്രുവരി 10 ന് നീലംപേരൂർ സെന്റ് ജോർജ് ക്നാനായപള്ളിയിൽ നടത്തപ്പെട്ടു.

റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ ഇടശ്ശേരിൽ മേപ്പുറത്ത് കുഞ്ഞുമോൻ ഏബ്രഹാമിന്റെയും (കുഞ്ഞ്) ഷേർളി പി. ചാക്കോയുടെയും (ഹണി) മകൾ **ഡോ. രേണു ഏബ്രഹാമും** റാന്നി വലിയപള്ളി ഇടവകയിൽ ഓഹയിൽ പാർക്കിൽ ജേക്കബിന്റേയും (സാബു) സൂസന്റെയും മകൻ **ഡോ. മിക്കിൻ ജേക്കബും** തമ്മിലുള്ള വിവാഹം 2018 ജനുവരി 1-ാം തീയതി റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

THE FACE OF JUDAS ISCARIOT

ടോമി, കുറിച്ചി

ഒരു വയോധികനായ വൈദികനാണ് ഈ കഥ എന്നോടു പറഞ്ഞത്. അന്ന് ഞാൻ വളരെ ചെറുപ്പമായിരുന്നു. ആ കഥ കേട്ട അന്നത്തെപ്പോലെ തന്നെ ഞാൻ ഇന്നും അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ എനിക്ക് അത്ഭുതവും ആശ്ചര്യവും തോന്നുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് വിശ്വപ്രസിദ്ധനായ ഒരു ചിത്രകാരൻ കത്തീഡ്രലിനുവേണ്ടി പ്രശസ്തമായ ഒരു ചിത്രം വരയ്ക്കുവാൻ തുടങ്ങി. അനേക വർഷത്തെ പരിശ്രമത്തിനു ശേഷം പല മോഡലുകളേയും കണ്ടെത്തി തന്റെ ഭാവനയിൽപെട്ട കഥാപാത്രങ്ങളെ വരച്ചു. രണ്ടു പേരെ മാത്രം ചിത്രീകരിക്കാൻ സാധിച്ചില്ല. അതിനു പറ്റിയ മുഖങ്ങളെ കണ്ടെത്തിയില്ല. ആ രണ്ടു പേർ യേശുക്രിസ്തുവും യൂദാസ് ഇസ്ക്കര്യാത്തോയും ആയിരുന്നു.

ഒരു ദിവസം പഴയ നഗരവീഥിയിൽകൂടി നടക്കവേ കുറേ കുട്ടികൾ കളിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. 12 വയസ്സുകാരനായ ഒരു കുട്ടിയിൽ അദ്ദേഹത്തിന്റെ കണ്ണുകൾ ഉടക്കി. ഒരു മാലാഖയുടെ ശോഭയേറിയ മുഖകാന്തിയും വിടർന്ന കണ്ണുകളും ആ പെയിന്ററുടെ ഹൃദയത്തിൽ തട്ടി. അവന്റെ വസ്ത്രം മുഷിഞ്ഞതായിരുന്നെങ്കിലും ചൈതന്യം നിറഞ്ഞ അവന്റെ രൂപം കണ്ടപ്പോൾ വളരെ നാളുകളായി താൻ അന്വേഷിച്ചു നടന്ന ചിത്രത്തിന്റെ ഉടമയെ, തന്റെ മോഡലിനെ കണ്ടെത്തിയ സന്തോഷം ആ മുഖത്ത് ശോഭിച്ചു.

ചിത്രകാരൻ ആ കുട്ടിയെ തന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആ കുട്ടിയെ തന്റെ മോഡലാക്കി ഇരുത്തി ചിത്രരചന തുടങ്ങി. യാതൊരു സങ്കോചവും ബുദ്ധിമുട്ടും പ്രകടിപ്പിക്കാതെ ചിത്രകാരന്റെ ഇംഗിതത്തിന് വഴങ്ങി ദിവസങ്ങൾ പലതും അദ്ദേഹത്തോടൊപ്പം അവൻ സന്തോഷത്തോടെ ചിലവഴിച്ചു. ഒരപ്പന്റെ സ്നേഹ വാത്സല്യങ്ങൾ അവൻ അയാളിൽനിന്നും രുചിച്ചറിഞ്ഞ നിമിഷങ്ങൾ.

അവസാനം ചിത്രകാരൻ യേശുക്രിസ്തുവിന്റെ ബാല്യകാല ചിത്രം പൂർത്തീകരിച്ചു. 12-ാം വയസ്സിൽ മാതാപിതാക്കളോടൊപ്പം യെരുശലേം ദേവാലയത്തിൽ പെരുന്നാളിനു പോയ യേശുവിന്റെ നിഷ്ക്കളങ്കമായ ചിത്രം.

വർഷങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു ചിത്രകാരന് യൂദായുടെ ചിത്രം പൂർത്തീകരിക്കാൻ സാധിച്ചില്ല. അതിനു പറ്റിയ മോഡലിനെ തിരഞ്ഞു നടന്നെങ്കിലും തന്റെ ഭാവനയിലുള്ള യൂദാസിന്റെ മുഖത്തിനു ചേർന്ന വ്യക്തിയെ കണ്ടെത്താനായില്ല. അദ്ദേഹം അന്വേഷണം തുടർന്നുകൊണ്ടേ ഇരുന്നു. അദ്ദേഹത്തിന്റെ മാസ്റ്റർപീസ് ചിത്രമായ തിരുവത്താഴത്തിന് യൂദായുടെ രൂപ ഭാവങ്ങൾ നൽകുവാൻ വാർത്തയറിഞ്ഞ് അനേകർ മോഡലായി ഇരിക്കുവാൻ തയ്യാറായി അദ്ദേഹത്തെ സമീപിച്ചു. പക്ഷേ അവരിലാർക്കും ദ്രവ്യാഗ്രഹിയും ഗുരുവിനെ ഒറ്റി കൊടുക്കുവാൻ മടിക്കാത്തവനുമായ പൈശാചിക മുഖഭാവമുള്ള യൂദാസിനെ ദർശിക്കാൻ കഴിഞ്ഞില്ല. അവർക്കാർക്കും തന്റെ ഭാവനയിലെ യൂദാസാകാൻ സാധിച്ചില്ല.

ഒരു ദിവസം സായാഹ്നത്തിൽ പതിവുപോലെ ബാറിൽ കയറി തന്റെ ഗ്ലാസ്സിലെ നുരഞ്ഞുപൊന്തുന്ന മദ്യം നുണഞ്ഞ് ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ മദ്യത്തിനുവേണ്ടി വഴക്കടിക്കുന്ന ഒരു യുവാവിൽ ചിത്രകാരന്റെ കണ്ണുകൾ പതിഞ്ഞു. മുഷിഞ്ഞു കീറിയ വസ്ത്രം. നീണ്ടു വളർന്ന താടിയും മുടിയും. മദ്യ ലഹരിയിൽ കുഴഞ്ഞാടുന്ന കാലുകൾ.

ആ യുവാവിനെ കണ്ടപ്പോൾ അനേക നാളുകളായി താൻ തിരഞ്ഞു നടക്കുന്ന യൂദാസിന്റെ പ്രതിഛായ ആ ചിത്രകാരന് അവനിൽ ദർശിക്കാൻ കഴിഞ്ഞു അവന്റെ അടുത്തു ചെന്ന് തോളിൽ തട്ടി ചിത്രകാരൻ പറഞ്ഞു.

"എന്റെ കൂടെ വരൂ. ഞാൻ നിനക്ക് വേണ്ടുവോളം മദ്യം തരാം. വസ്ത്രവും ഭക്ഷണവും തരാം."

അദ്ദേഹത്തോടൊപ്പം അവൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി.

ചിത്രകാരൻ അവനെ യൂദാസിന്റെ മോഡലായി ഇരുത്തി. രാത്രിയും പകലും ചിലവഴിച്ച് തന്റെ മാസ്റ്റർപീസ് ചിത്രം പൂർത്തിയാക്കി. അവന്റെ ചുവന്നു തുടുത്ത കണ്ണുകളിലെ പൈശാചിക രൂപം വരച്ചു കഴിഞ്ഞപ്പോൾ ചിത്രകാരന് പൂർണ്ണ സംതൃപ്തി വന്നു. തന്റെ മനസ്സിലുണ്ടായിരുന്ന യൂദാസ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

തന്റെ മാസ്റ്റർപീസ് ചിത്രത്തിന്റെ പെയിന്റിംങ്ങിൽ അതീവ സന്തുഷ്ടനായ അദ്ദേഹം ഒരു ദിവസം ആ യുവാവിനോടു ചോദിച്ചു.

"എന്റെ മകനേ; എനിക്കു നിന്നെ സഹായിക്കണമെന്നുണ്ട്. വാസ്തവത്തിൽ നിന്റെ പ്രശ്നങ്ങൾ എന്താണ്? എന്നോടു പറയൂ"

മോഡൽ യുവാവ് തന്റെ ഇരുകൈകളും മുഖത്തു പൊത്തി വിങ്ങി വിങ്ങി കരഞ്ഞു. കണ്ണുകളിൽനിന്നും ഇടമുറിയാതെ അശ്രുധാര പ്രവഹിച്ചു. അല്പസമയത്തിനുശേഷം ആ യുവാവ് തന്നെ യൂദാഈസ്കര്യാത്തോവിന്റെ മോഡലാക്കിയ ചിത്രകാരന്റെ മുഖത്തേക്ക് നിർന്നിമേഷനായി നോക്കി. ആ യുവാവ് ചോദിച്ചു.

"താങ്കൾ എന്നെ മറന്നു പോയെന്നാണ് തോന്നുന്നത്. കുറച്ചു വർഷങ്ങൾക്കു മുൻപ് യേശുക്രിസ്തുവിന്റെ ബാല്യ ചിത്രത്തിന്റെ മോഡലായി താങ്ങളുടെ മുമ്പിൽ ഇരുന്ന കുട്ടിയാണ് ഞാൻ".

അറിയിപ്പ്

ക്നാനായ ദീപം മാസിക എല്ലാ മാസവും 15-ാം തീയതി ചങ്ങനാശ്ശേരി R.M.S. ൽ എല്ലാവരിക്കാർക്കും അയക്കുന്നുണ്ട്. 400 രൂപയ്ക്ക് മുകളിൽ കുടിശിഖ ഉള്ളവർക്ക് മാസിക ലഭിക്കുന്നതല്ല.

പത്രാധിപർ

പൗരോഹിത്യം- തിരുവചനത്തിന്റെ വെളിച്ചത്തിൽ

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

എന്തിനുവേണ്ടി ദൈവം പൗരോഹിത്യം സ്ഥാപിച്ചു?

"അക്കാലത്ത് യഹോവ ലേവി ഗോത്രത്തെ യഹോവയുടെ നിയമപെട്ടകം ചുമപ്പാനും ഇന്നുവരെ നടന്നുവരുന്നതുപോലെ യഹോവയുടെ സന്നിധിയിൽ നിന്ന് ശുശ്രൂഷ ചെയ്യാനും അവന്റെ നാമത്തിൽ അനുഗ്രഹിപ്പാനുംവേണ്ടി വേർതിരിച്ചു." അതായത് സാധാരണ മനുഷ്യകുലത്തിൽ നിന്നും പുരോഹിതരെ വേർതിരിച്ചത് ദൈവമാണ്. അങ്ങനെയെങ്കിൽ പൗരോഹിത്യത്തിന്റെ ഉടമസ്ഥാവകാശം ദൈവത്തിന് മാത്രമാണ്. ഇതുതന്നെയാണ് എബ്രായർ 5:1-4 ലൂടെ വി. പൗലോസ് വെളിപ്പെടുത്തുന്നത്."മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കുന്ന ഏതു മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടും, യാഗവും അർപ്പിക്കാൻ ദൈവകാര്യത്തിൽ മനുഷർക്കുവേണ്ടി നിയമിക്കപ്പെടുന്നു. താനും ബലഹീനത പൂണ്ടവനാകയാൽ അറിവില്ലാത്തവരോടും വഴിതെറ്റിപോകുന്നവരോടും സഹതാപം കാണിപ്പാൻ കഴിയുന്നവനും ബലഹീനത നിമിത്തം ജനത്തിനുവേണ്ടി എന്നപോലെ തനിക്ക് വേണ്ടിയും പാപയാഗം അർപ്പിക്കേണ്ടവനും ആകുന്നു. എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല".

ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത് മാറ്റി നിർത്തിയവരാണ് വൈദികർ (പുരോഹിതർ) എന്ന് വ്യക്തമാകുന്നു. മറ്റൊരു പ്രത്യേകത സാധാരണ മനുഷ്യരിൽ നിന്നുമാണ് അവർ തിരഞ്ഞെടുക്കപ്പെട്ടത് എന്നു കൂടി ഈ വചനഭാഗത്തുനിന്നും വ്യക്തമാകുന്നു. ഒരു വ്യക്തി ജനിക്കുന്നത് ആളിന്റെ മാതാപിതാക്കളിൽ നിന്നുമാണ്. അതായത് വെറും സാധാരണ മനുഷ്യരടങ്ങിയ കുടുംബത്തിൽനിന്നുമാണ് ഒരു വൈദികൻ ജനിക്കുന്നത്. വൈദികരല്ലാത്ത നാമും ഇതുപോലെ തന്നെയുള്ള സാധാരണ മനുഷ്യരടങ്ങിയ മാതാപിതാക്കളിൽ നിന്നുമാണല്ലോ കടന്നുവരുന്നത്.

സാധാരണ മനുഷ്യക്ക് മറ്റൊരു പ്രത്യകതയുണ്ട്. ഓരോ വ്യക്തിയ്ക്കും അവരുടേതായ ചില ദൗർബല്യങ്ങളും, പ്രത്യേകതകളും കുറവുകളുമുണ്ട്. ഇത് എല്ലാ മനുഷ്യർക്കും ബാധകമാണ്. ദൈവം മാത്രമേ എല്ലാ രീതിയിലും പൂർണ്ണനായിട്ടുള്ളു. ഇതുന്നെയാണ് ദൈവവും, മനുഷ്യനും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം. ദൈവം പൂർണ്ണ പരിശുദ്ധനും, മനുഷ്യർ അശുദ്ധരുമാണ്. അപ്രകാരമെങ്കിൽ സാധാരണ മനുഷ്യകുലത്തിൽ നിന്നും ദൈവത്താൽ വേർതിരിച്ചുമാറ്റപ്പെട്ടാൽ വൈദികർക്ക് മാനുഷീകമായ പലവിധത്തിലുള്ള കുറവുകളും, പ്രത്യേകതകളും, ദൗർബല്യങ്ങളും ഉണ്ടാകുമെന്നതിൽ സംശയിക്കേണ്ടതില്ല. ഈ സത്യം തന്നെയാണ് "താനും ബലഹീനത പൂണ്ടവനാകയാൽ" എന്ന വൈദികരെക്കുറിച്ചുള്ള പ്രയോഗത്തിലൂടെ പൗലോസ് അപ്പോസ്തോലൻ (എബ്രായർ 5:1-4) എടുത്തു പറയുന്നത്. അങ്ങനെയെങ്കിൽ വൈദികരെക്കുറിച്ച് ദൈവവചനത്തിലൂടെ വെളിപ്പെടുത്തിയ ഈ സത്യം നാം പൂർണ്ണമായും അംഗീകരിക്കേണ്ടിയിരിക്കുന്നു. വൈദികരുടെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിച്ച് അവരെ അവഹേളിക്കുന്നവർ, അവരെ തെരഞ്ഞെടുത്ത ദൈവത്തെതന്നെയാണ് അവഹേളിക്കുന്നത് എന്ന സത്യം മനസ്സിലാക്കിയിരുന്നെങ്കിൽ ഇതിൽനിന്നും പിന്തിരിയുമായിരുന്നു. വൈദികർക്ക് ഇപ്രകാരമുള്ള കുറവുകൾ ഉണ്ടെങ്കിൽ അവരെ നമുക്ക് നൽകിയ ദൈവത്തോട് അവർക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രമാണ് നാം ചെയ്യേണ്ടതായിട്ടുള്ളത്.

പൗരോഹിത്യം ഒരു അത്ഭുത പ്രതിഭാസമാണ്. ദൈവം തനിക്ക് ഇഷ്ടമുള്ളവരെ പൗരോഹിത്യത്തിലേക്ക് തെരഞ്ഞെടുക്കുന്നു എന്നുള്ളത് തുടർന്നുള്ള വചനത്തിൽ നിന്നും വ്യക്തമാകുന്നു. "പിന്നെ അവൻ മലയിൽ കയറി തനിക്ക് ബോധിച്ചവരെ അടുക്കൽവിളിച്ചു. അവർ അവന്റെ അരികെ വന്നു. അവൻ തന്നോടുകൂടെ ഇരിപ്പാനും, പ്രസംഗിക്കേണ്ടതിന് അയപ്പാനും, ഭൂതങ്ങളെ പുറത്താക്കേണ്ടതിനും അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു (മർക്കോ. 3:13-14).

പൗരോഹിത്യത്തിലൂടെ ദൈവജനത്തിന് അനുഗ്രഹം നൽകുവാനുള്ള അധികാരം കൂടി ദൈവം നൽകുന്നുണ്ട്. പൗരോഹിത്യത്തിലൂടെ സകല വൈദികർക്കും ഈ അഭിഷേകം ലഭിക്കുന്നു. "യഹോവ പിന്നേയും മോശയോടും അരുളിച്ചെയ്തു. നീ അഹരോനോടും പുത്രന്മാരോടും പറയേണ്ടതും നിങ്ങൾ ഇസ്രായേൽ മക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടത് ഇപ്രകാരമാണ്. യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ. യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ. യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്ക് സമാധാനം നൽകുമാറാകട്ടെ. ഇങ്ങനെ അവർ ഇസ്രായേൽ മക്കളുടെ മേൽ എന്റെ നാമം വെക്കേണം. ഞാൻ അവരെ അനുഗ്രഹിക്കും" (സംഖ്യാ 6:22-29). നമ്മുടെ വിശുദ്ധ കുർബാനയിൽ വൈദികൻ കൈയുയർത്തി ജനത്തെഅനുഗ്രഹിക്കുകയും, സമാധാനം ആശംസിക്കുകയും ചെയ്യുന്നതെല്ലാം ബൈബിൾ അധിഷ്ഠിതമാണെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ. ഒരു ജില്ലാ കളക്ടർക്കോ, സംസ്ഥാന മുഖ്യമന്ത്രിക്കോ, രാജ്യത്തിന്റെ പ്രസിഡന്റിനോ, പ്രധാനമന്ത്രിക്കോ ദൈവം ഈ അധികാരം നൽകിയിട്ടില്ല. മറിച്ച് വൈദികപട്ടം ലഭിച്ച ഒരു കൊച്ചച്ചനുപോലും ദൈവം ഈ അധികാരം നൽകിയിരിക്കുന്നു എന്നുള്ളതാണ് പൗരോഹിത്യത്തിന്റെ പ്രാധാന്യം.

ശാമുവേലിന്റെ 1-ാം പുസ്തകത്തിൽ ഒന്നാം അദ്ധ്യായത്തിൽ എൽക്കാനാ എന്ന വ്യക്തിയെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ഭാര്യമാരായിരുന്നു ഹന്നായും, പെനീന്നായും. ഇതിൽ ഹന്നാ യ്ക്ക് മക്കളില്ലായിരുന്നു. മക്കളില്ലാത്ത ഹന്നായെ എൽക്കാനാ വളരെയധികം സ്നേഹിച്ചിരുന്നു. അവൾ ഒരു നേർച്ച നേർന്ന് യഹോവയോട് പ്രാർത്ഥിക്കുവാൻ തുടങ്ങി. തനിക്ക് ഒരാൺകുഞ്ഞിനെ ലഭിക്കുകയാണെങ്കിൽ അവനെ യഹോവയ്ക്ക് നൽകാമെന്ന് അവൾ പ്രതിജ്ഞ ചെയ്തു. അവൾ പ്രാർത്ഥനയിൽ ഹൃദയം കൊണ്ടുമാത്രം സംസാരിച്ചിരുന്നതിനാൽ അധരങ്ങൾ അനങ്ങിയതല്ലാതെ ശബ്ദം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇതു ശ്രദ്ധിച്ച ഏലി പുരോഹിതൻ അവൾ വീഞ്ഞോ, മദ്യമോ കഴിച്ചിട്ടായിരിക്കും ഇപ്രകാരം പ്രവർത്തിക്കുന്നത് എന്ന് സംശയിച്ചു. പിന്നീട് കാര്യം മനസ്സിലാക്കിയ ഏലി പുരോഹിതൻ അവൾ സമർപ്പിച്ച അപേക്ഷയെ അനുഗ്രഹിക്കുകയും, സമാധാനം ആശംസിക്കുകയും ചെയ്തു. അവൾ സമാധാനത്തോടെ വീട്ടിലേക്ക് മടങ്ങുകയും ഒരു വർഷം കഴിഞ്ഞപ്പോൾ ഒരു മകനെ അവൾക്ക് ദൈവം നൽകുകയും ചെയ്തു. ഒരു പുരോഹിതൻ നൽകുന്ന അനുഗ്രഹത്തിനും, സമാധാനാശംസയ്ക്കും ദൈവം എത്രയധികം വില കൽപ്പിക്കുന്നതായും അതിനെ അംഗീകരിക്കുന്നതായും ഇതിൽ നിന്നും വ്യക്തമാകുന്നു.

സംഖ്യാപുസ്തകം 16-ാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് ഇസ്രായേൽ മക്കൾ മോശെയ്ക്കും, അഹരോനുമെതിരായി പിറുപിറുക്കുന്നതായും അവർക്കെതിരെ അണിനിരന്ന് സമാഗമന കൂടാരത്തിന് നേരെ തിരിയുന്നതായും പറയുന്നുണ്ടല്ലോ. അവിടെ കർത്താവിന്റെ മഹത്വം പ്രത്യക്ഷപ്പെടുകയും ജനത്തെ നശിപ്പിക്കുവാൻ പോകുന്നതായും, ദൈവം മോശയോടും അഹരോനോടും അറിയിച്ചു. അവർ രണ്ടുപേരും ദൈവസന്നിധിയിൽ കമിഴ്ന്നുവീണു. തുടർന്ന് ബലിപീഠത്തിൽ നിന്ന് അഗ്നിയെടുത്ത് ധൂപകലശത്തിലും പരിമളദ്രവ്യം ചേർത്ത് സമൂഹ മദ്ധ്യത്തിലേക്ക് കൊണ്ടുപോയി പാപപരിഹാരമനുഷ്ഠിക്കുവാൻ മോശ അഹരോനോട് ആവശ്യപ്പെട്ടു. അപ്പോഴക്കും ജനത്തിന് മഹാമാരി ബാധിച്ചു കഴിഞ്ഞിരുന്നു. മോശ പറഞ്ഞതുപോലെ അഹരോൻ പ്രവർത്തിച്ചതിനാൽ മഹാമാരി നിൽക്കുകയും ചെയ്തു. ഇവിടെ പ്രത്യേകം മനസ്സിലാക്കേണ്ടത് അഹരോൻ തന്റെ പൗരോഹിത്യാധികാരത്തിലൂടെ പാപപരിഹാരം അനുഷ്ഠിച്ചതുമൂലം മാത്രമാണ് മഹാമാരി നിൽക്കാനിടയായത്. അതായത് പുരോഹിതർക്ക് ദൈവജനത്തിന്റെ പാപപരിഹാരത്തിനുവേണ്ടി ബലിയർപ്പിക്കുന്നതിനും കുന്തിരിക്കവും സുഗന്ധദ്രവ്യങ്ങളും അർപ്പിക്കുന്നതിനും അവരെ മാനവകുലത്തിൽനിന്നും തിരഞ്ഞെടുത്ത് അധികാരം നൽകിയിരിക്കുന്നു. ഈ അധികാരത്താലാണല്ലോ വീടു കൂദാശയിലൂടെ നമ്മുടെയൊക്കെ വീടുകൾ വിശുദ്ധികരിക്കപ്പെടുന്നത്. ഇതുപോലെ തന്നെ ദൈവത്തിന്റെ പ്രമാണങ്ങൾ ദൈവജനത്തെ പഠിപ്പിക്കുവാനുള്ള അധികാരവും വൈദീകർക്ക് നൽകിയിട്ടുണ്ട്.

മത്തായി 16:19ൽ ഇങ്ങനെ പറയുന്നു "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും". വി. പത്രോസിന് യേശു നൽകിയ കെട്ടുവാനും ബന്ധനങ്ങൾ അഴിക്കുവാനുമുള്ള മറ്റൊരു അധികാരമാണ് വൈദികർക്കും നൽകിയിരിക്കുന്നത്.

"അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു. സകല ഭൂതങ്ങളുടെ മേലും, വ്യാധികളെ സൗഖ്യമാക്കുവാനും അവർക്ക് ശക്തിയും അധികാരവും കൊടുത്തു (ലൂക്കോസ്. 9:1). യേശു പൗരോഹിത്യത്തിലൂടെ നൽകിയിരിക്കുന്നത് നിയമപരമായ അധികാരവും (authority) ശക്തിയും (power) ആണ്. ഈ അധികാരത്തെ ചോദ്യം ചെയ്യുവാനുള്ള അധികാരമോ, അതിനെ നിർവീര്യമാക്കാനുള്ള അധികാരമോ സാധാരണ മനുഷ്യർക്കോ, ദൈവത്തിനെതിരായ ശക്തികൾക്കോ ദൈവം നൽകിയിട്ടുമില്ല, സാധ്യവുമല്ല. ഒപ്പം തന്നെ ഈ അധികാരം പ്രയോഗിക്കുവാനുള്ള ശക്തിയും കൂടി പൗരോഹിത്യത്തിനും, പുരോഹിതർക്കും ദൈവം നൽകിയിരിക്കുന്നു. സാത്താന്റെ ഏറ്റവും വലിയ ശത്രുവാണ് പുരോഹിതനും, പൗരോഹിത്യവും, ഇക്കാലത്ത് ദൈവജനത്തിന്റെ ഇടയിൽ വളരെ കൂടുതലായി വൈദികവിരോധം ഉള്ളതായി കാണുന്നുണ്ട്. അവരിൽ ഈ വിരോധം ജനിപ്പിക്കുന്നത് സാത്താനാണല്ലോ. ഇതുപോലെതന്നെ പൗരോഹിത്യത്തിന്റെ മേലും അപ്പോസ്തോലിക പൗരോഹിത്യമുള്ള സഭകളുടെ മേലും സാത്താൻ ധാരാളം ആക്രമണങ്ങൾ നടത്തുന്നതിന്റെ കാരണം ഇതുതന്നെയാണല്ലോ. ഒരു രാജ്യത്തിന്റെ ഭരണാധികാരിക്ക് കുറവുകൾ ഉണ്ടെങ്കിൽ സാത്താൻ ആ വ്യക്തിക്കെതിരെ ഇത്രയധികം ആക്രമണം അഴിച്ചുവിടാറില്ല എന്നത് ശ്രദ്ധേയമാണ്. മറിച്ച് ഒരു പുരോഹിതന്റെ ചെറിയ കുറവിനെ ഊതിപ്പെരുപ്പിച്ച് സാത്താൻ ശക്തമായ ആക്രമണങ്ങൾ നടത്തുന്നതായി കാണുന്നു. ഇവയെല്ലാം ഉളവാക്കുന്നത് സാത്താൻ തന്നെയാണെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

പുറപ്പാട് 7-ാം അദ്ധ്യായത്തിൽ പൗരോഹിത്യത്തിന്റെ മറ്റൊരധികാരം കൂടി വ്യക്തമാക്കുന്നുണ്ട്. ഫറവോൻ മോശയോടും അഹരോനോയും അടയാളം ചോദിക്കുകയാണെങ്കിൽ അഹരോനോട് "നിന്റെ വടിയെടുത്ത് ഫറവോന്റെ മുമ്പാകെ നിലത്തിടുക" എന്നു പറയണമെന്ന് മോശയോട് ആവശ്യപ്പെടുന്നതായി കാണാം. അഹരോൻ അപ്രകാരം ചെയ്തപ്പോൾ വടി സർപ്പമായി മാറി. ഉടനെ ഫറവോൻ മന്ത്രവാദികളെ വിളിച്ചു വരുത്തുകയും, അവർ അപ്രകാരം പ്രവർത്തിക്കുകയും ചെയ്തപ്പോളും അവരുടെ വടികളും സർപ്പങ്ങളായി മാറി. എന്നാൽ അഹറോന്റെ വടി അവരുടെ വടികളെ വിഴുങ്ങിക്കളഞ്ഞതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലൂടെ എതിർ വാക്കുകളേയും, എതിർ ക്രിയകളേയും നിർവീര്യമാക്കാനുള്ള അധികാരം കൂടി പൗരോഹിത്യത്തിലൂടെ പുരോഹിതർക്ക് നൽകപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാം.

മേൽപറഞ്ഞ എല്ലാ അധികാരങ്ങളുമുപയോഗിച്ച് ദൈവസന്നിധിയിൽ നിന്നുകൊണ്ട് ദൈവജനത്തിന് വിവിധതരം ശുശ്രൂഷകൾ നൽകുവാനും അവർക്ക് വിടുതൽ നൽകുവാനും, അവരെ ദൈവനാമത്തിൽ അനുഗ്രഹിക്കുവാനുമാണ് ദൈവം പൗരോഹിത്യം സ്ഥാപിച്ചതെന്ന് തിരുവചനത്തിലൂടെ അവിടുന്നു നമുക്ക് ബോദ്ധ്യപ്പെടുത്തിത്തരുന്നു.

ധാരാളം വൈദികരെ നമുക്ക് നൽകിയ ദൈവത്തിന് പ്രത്യേകമായി നന്ദിപറയാം. ഒരു പക്ഷേ ഇത് നമ്മുടെ പൂർവ്വികരുടെ പ്രാർത്ഥനയുടെ ഫലം മൂലമായിരിക്കാം. സഭയിലൂടെയുള്ള എല്ലാ കൂദാശകളും ധാരാളമായി നമുക്ക് ലഭിക്കുവാൻ അനേകം വിശുദ്ധരായ വൈദികരെ ലഭിക്കുവാനും ഇനിയും ധാരാളം വൈദികവിളികൾ എല്ലാം കുടുംബങ്ങളിലും ഉണ്ടാകുവാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അതിന് ദൈവം ഇടയാക്കട്ടെ. ●

പവിഴങ്ങളുടെ പറുദീസായിൽ

പ്രൊഫ. ടോണി മാത്യു

പ്രകൃത്യംബയുടെ മടിയിലിരിക്കുന്ന ലാളനസുഖവും സാന്ത്വനവുമാണ് ലക്ഷദ്വീപിലൂടെ സഞ്ചരിക്കുമ്പോൾ അനുഭവപ്പെടുന്നത്. കടലിലെ കടുകുമണികൾപോലെ ചിതറിക്കിടക്കുന്ന ദ്വീപ സമൂഹത്തിൽ 27 എണ്ണം വലുതാണ്.എങ്കിലും പത്തിടത്തെ ആൾപ്പാർപ്പുള്ളു. അതിൽ മൂന്നെണ്ണമാണ് ഞാനും കുടുംബവും സന്ദർശിച്ചത്. തെരുവുനായ്ക്കളുടെയും പാമ്പു പിടുത്തക്കാരുടെയും ഇടയിൽ ജീവിക്കുന്ന നമുക്ക്, പട്ടിയും പാമ്പും അവിടെയില്ലെന്നത് ആശ്വാസ വാർത്തയായിരുന്നു.

'കവരത്തി' എന്നു പേരായ കപ്പലിൽ കൊച്ചിയിൽനിന്ന് 14 മണിക്കൂർ സഞ്ചരിച്ചപ്പോൾ, ദ്വീപുകൾക്കടുത്തുള്ള കടലിൽ നങ്കൂരമിട്ടു. കവരത്തി, കൽപ്പേനി മിനിക്കോയി എന്നിവിടങ്ങളിലേക്ക് ബോട്ടിലാണ് പോകേണ്ടത്. ഓളപ്പരപ്പിൽ ആലോലമാടുന്ന വള്ളത്തിൽ, ലൈഫ്ജാക്കറ്റിന്റെ ബലത്തിലാണ് പിടിച്ചിരിക്കുന്നത്. മുകളിൽ അപാര സുന്ദര നീലാകാശം ചുറ്റും അഗാധഗഹനമായ നീല സമുദ്രം. നാലപ്പാട്ട് നാരായണമോനോന്റെ കാവ്യശകലം ഓർമ്മയിലെത്തി.

അനന്തമജ്ഞാതമവർണ്ണനീയ
മീലോകഗോളം തിരിയുന്ന മാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തുകണ്ടു!

ഒന്നാം ദിവസം കവരത്തിയിലെത്തി. മലയാളം പരിപാടികൾ പ്രക്ഷേപണം ചെയ്യുന്ന ആകാശവാണി നിലയമുണ്ടവിടെ. കേരം തിങ്ങുന്നത് കേരളനാട്ടിലല്ലെന്നു തോന്നി കവരത്തിയിൽ കാലു കുത്തിയപ്പോൾ! കായ്ഭാരത്താൽ നമ്രശിരസ്ക്കരായി നിൽക്കുന്ന കല്പവൃക്ഷങ്ങൾ കമനീയമായ കാഴ്ചയാണ്. 'കാർഷികഗവേഷണ കശപിശയിൽ വാടാത്ത/ കാറ്റുവീഴാകേരതരുവെവിടെ മക്കളേ?" എന്ന് അയ്യപ്പണിക്കർ 'കാടെവിടെ മക്കളേ' എന്ന കവിതയിൽ ചോദിക്കുന്നുണ്ട്. ലക്ഷദ്വീപിൽ എന്നു പറഞ്ഞാൽ മാർക്കു കിട്ടും.

വീതി കുറഞ്ഞതും കോൺക്രീറ്റ് ചെയ്തതുമായ റോഡ് വിജനമാണ്. വല്ലപ്പോഴും ഒരു സൈക്കിളോ ബൈക്കോ വന്നെങ്കിലായി! കാറുകൾ വിരലിലെണ്ണാവുന്നവ. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വെൽക്കം ട്രിങ്ക്കരിക്കാണ്. ട്യൂണാ മത്സ്യം പുഴുങ്ങി ഉണങ്ങാനിട്ടിരിക്കുന്നു. അകലെ തദ്ദേശവാസികളായ കരിമാടിക്കുട്ടന്മാർ ചെറുവഞ്ചികളിൽ തുഴഞ്ഞു പരിശീലിക്കുന്നു. തട്ടമിട്ട അമ്മമാർ കാവലിനുണ്ട്. ദൈന്യം നിഴലിക്കുന്ന നിഷ്ക്കളങ്ക ബാല്യത്തിന്റെ പുഞ്ചിരി. ബീച്ചിൽ തീരത്തോടു ചേർന്ന് വെള്ള വെള്ളം. കുറച്ചകലെ പച്ചക്കടൽ. ദൂരെദൂരെ, ചക്രവാളച്ചെരിവിൽ നീലക്കടൽ ഫണമുയർത്തിയാടുന്നു.

ഗ്ലാസ്ബോട്ടിൽ സഞ്ചരിക്കാനുള്ള സമയമായി. തടിയും ഫൈബറുംകൊണ്ടു നിർമ്മിച്ച വള്ളത്തിന്റെ അടിഭാഗം സുതാര്യമായ ഗ്ലാസാണ്. അതിലൂടെ കോറലുകളുടെ വിസ്മയദൃശ്യം കാണാം. പല നിറത്തിൽ, രൂപത്തിൽ അവ വിരിഞ്ഞു നിൽക്കുന്നു. ഇടയ്ക്കിടെ പാറക്കെട്ടുകളും. ഘോഷയാത്ര നടത്തുന്ന ശബളാഭമായ മത്സ്യങ്ങളുടെ വൈവിധ്യം മറ്റെവിടെയെങ്കിലുമുണ്ടാവുമോ, ആവോ?

സ്പീഡ്ബോട്ടിൽവന്ന് ആഴക്കടലിലേക്ക് ചാടുന്ന ന്യൂജനറേഷനേയും കണ്ടു. മകനും അക്കൂട്ടത്തിലുണ്ട്. ലൈഫ് ജാക്കറ്റും മാസ്ക്കും കണ്ണടയും ഓക്സിൻജാറും അവരോടൊപ്പമുണ്ട്. കോറലുകളും മത്സ്യങ്ങളും തൊട്ടടുത്തു കാണാനും തൊടാനും അവർക്കാവും. ഗൈഡ് നിർബന്ധിച്ചപ്പോൾ, ഈ സാഹസീകതയ്ക്ക് ഭാര്യയും തയ്യാറായി. ഞാൻ മാറി നിന്നു. അങ്ങനെ രണ്ടായിരം രൂപ ലാഭിച്ചു. സ്ക്യൂബാ ഡൈവിംഗ് എന്നാണ് ഇതിന്റെ പേര്.

വൈകിട്ട് മാതൃപേടകമായ കപ്പലിലേക്ക് മടങ്ങും. ബുഫെയും ഉറക്കവും രണ്ടാം ദിവസം കൽപ്പേനിയിലേക്ക് യാത്ര. ഭൂപ്രകൃതി കവരത്തിലേതുതന്നെ. അവധിയാഘോഷിക്കാൻ നാട്ടിലേക്കും അവധി കഴിഞ്ഞ് വൻകര (കേരളം) യിലേക്കും ചേക്കാറാനുള്ള കുട്ടികളെ ജെട്ടിയിൽ കണ്ടു. പെട്ടിയും പ്രമാണവുമൊക്കെയുണ്ട്. സ്വീകരിക്കാനും യാത്രയയ്ക്കാനും മാതാപിതാക്കളുമുണ്ട്. ചിലരോട് കുശലപ്രശ്നം നടത്തി. നല്ല മലയാളത്തിലുള്ള മറുപടി. കൊച്ചിയിലും കൊല്ലത്തും തിരുവന്തപുരത്തും കോഴിക്കോട്ടുമുള്ള മദ്രാസകളിലാണ് മിക്കവരുടെയും പഠനം. ഉന്നത വിദ്യാഭ്യാസത്തിനായി കോളേജിൽ പഠിക്കുന്ന കുറച്ചുപേരുമുണ്ട്. സൗജന്യ വിദ്യാഭ്യാസമാണ് ലഭിക്കുന്നത്. താമസവും ഭക്ഷണവും അങ്ങനെ തന്നെ. ദ്വീപുകാരുടെ യാത്ര കവരത്തികപ്പലിലാണ്. അത്യാവശ്യത്തിനുമാത്രം ഹെലികോപ്റ്റർ ഉപയോഗിക്കും. കപ്പലിനു മുകളിൽ ഹെലിപ്പാടുണ്ട്.

കടൽക്കുളിയും കയോക്കിങ്ങും നടത്തിയത് കൽപ്പേനിയിൽ പൊത്ത മുങ്ങാനും മുട്ടോളവും അരയറ്റവും വെള്ളത്തിൽ കുളിക്കുന്നവരെ കണ്ടു. ലൈഫ്ബൽട്ടണിഞ്ഞ് അകലേക്കു നീന്തുന്നവരെയും കണ്ടു. സെക്യൂരിറ്റിക്കാർ നിതാന്ത ജാഗ്രതയിലാണ്. മുങ്ങിയും പൊങ്ങിയും മറിഞ്ഞും തിരിഞ്ഞും കുളിച്ചുകയറിയപ്പോഴേക്കും അഞ്ചാറു കവിൾ ഉപ്പുവെള്ളം എന്റെ ഉള്ളിലായി. നാഴി വെള്ളത്തിൽപ്പോലും മുങ്ങിച്ചാകാവുന്ന ജലപരിചയമേ എനിക്കുള്ളു. മണിമലയാറിന്റെ നാട്ടിൽ ജനിച്ചു ജീവിക്കുന്നെങ്കിലും.

കയോക്കിങ്ങ് എന്ന ജലകേളിയിലും പങ്കെടുത്തു ഫൈബറിൽ നിർമ്മിച്ച കൊതുമ്പു വള്ളത്തിൽ കയറ്റിയിരുത്തി, ഒരു തുഴയും ചില നിർദ്ദേശങ്ങളും നൽകി ഉന്തിവിട്ടു. വെപ്രാളത്തിൽ നിർദ്ദേശങ്ങളെല്ലാം മറന്ന ഞാൻ വള്ളം മുങ്ങി വെള്ളത്തിലായി. പരിശീലകൻ വന്നില്ലായിരുന്നെങ്കിൽ ജലസമാധി പ്രാപിച്ചേനേ. പിന്നെ വെള്ളത്തിലായി. സമുദ്രദേവന് നന്ദി പറഞ്ഞു കരയ്ക്കു കയറി. പിന്നെ വെള്ളംകളി (water sports) വേണ്ടെന്നും വച്ചു.

ദ്വീപുനിവാസികൾ ബഹുഭൂരിപക്ഷവും ഇസ്ലാം മതക്കാരനാണ്. അംബരചുംബികളായ മിനാരങ്ങളുള്ള മസ്ജിദുകൾ എവിടെയും കാണാം. ഒരു മുസ്ലീംപള്ളി കപ്പലിലുമുണ്ട്. അവയൊന്നും സജീവമല്ല. ശ്രീകൃഷ്ണസ്വാമി ടെമ്പിൾ, ശ്രീഗണേഷ് ടെമ്പിൾ എന്നിവ കണ്ടെങ്കിലും അവയും ജീർണ്ണാവസ്ഥയിലാണ്. കൽപ്പേനി ദൈവസഭാ ഹൗസ് എന്ന ബോർഡിന്റെ പിന്നിൽ വിസ്തൃതമായ സ്ഥലവും ഒരു കെട്ടിടവും കണ്ടു. ജോലി സംബന്ധമായി മറ്റു സ്ഥലങ്ങളിൽനിന്നു വരുന്ന അന്യമതസ്ഥരാണ്. ഈ ആരാധനാലയങ്ങളൊക്കെ ഉപയോഗിക്കുന്നത്. അവരുടെ എണ്ണം ചുരുക്കമാണ് പണ്ട് ദ്വീപിലുണ്ടായിരുന്ന ഹിന്ദുക്കൾ ഇസ്ലാംമതം സ്വീകരിച്ചതായും പറയുന്നു.

സന്ധ്യയായി ഉഷസ്സായി. മൂന്നാം ദിവസം മിനിക്കോയിയിൽ വ്യത്യസ്തമായ ഭൂപ്രകൃതി. കേരസമൃദ്ധിയോടൊപ്പം

വേപ്പും ബദാമും പുളിയും അമ്പഴവും കണ്ടു. കപ്പയും കാച്ചിലും ചേമ്പും കൃഷിയിടങ്ങളെ സമ്പന്നമാക്കുന്നു. തേങ്ങ ആട്ടുന്നമില്ലും തുണി നെയ്യുന്ന കമ്പനിയും സന്ദർശിച്ചു. ശുദ്ധ വെളിച്ചെണ്ണെയും തേങ്ങാപ്പീരയും തുണിത്തരങ്ങളും വില ക്കുറവിൽ ലഭിച്ചു. ദ്വീപിലെ ഷോപ്പിംഗ് അത്ര മാത്രം. ട്യൂണാ മത്സ്യം ഉപ്പിലിട്ടതും കിട്ടി.

മാലദ്വീപിൽനിന്നും കുടിയേറിപ്പാർത്തവരാണ് മിനിക്കോ യിൽ ഏറെയും. മലയാളം അറിയാവുന്നവരുണ്ടെങ്കിലും 'മഹൽ' ഭാഷയ്ക്കാണു പ്രിയം. നമുക്കതു മനസിലാവില്ല. കേരളത്തിൽ ബന്ധുക്കളുള്ളവരും വന്നുപോകുന്നവരുമുള്ള തിനാൽ മലയാളം മറന്നുപോയില്ല, മാഞ്ഞുപോയില്ല എന്നു മാത്രം 1885ൽ ജയിംസ് നിക്കോളാസ് ഡഗ്ലസ് എന്ന ആർക്കി ടെക്റ്റ് രൂപ കല്പന ചെയ്ത മിനിക്കോയിലൈറ്റ് ഹൗസ്, വാസ്തുശില്പകലയുടെ മഹത്വം വെളിപ്പെടുത്തിക്കൊണ്ട് തല ഉയർത്തി നിൽക്കുന്നു. പേടിച്ചും ആയാസപ്പെട്ടും അതിനു മുകളിലെത്തിയപ്പോൾ, എവറസ്റ്റ് കീഴടക്കിയ മനോഭാവമാ യിരുന്നു എനിക്ക്. വിശാലമായ അക്വേറിയം കടൽ ജീവിക ളുടെ ഭൂതകാലം പരിചയപ്പെടുത്തിതന്നു. കൂറ്റൻ മുതലയുടെ ഫോസിൽ (മൃതാവശിഷ്ടം) അമ്പരപ്പിച്ചു. കുഞ്ഞുമീനുകളും കോറലും കടൽപ്പാമ്പും അറിവു നിറച്ചു.

ഒരു ഉൾനാടൻ ഗ്രാമത്തിലെ കൂട്ടുകുടുംബജീവിതം കാണാൻ ചെന്നപ്പോൾ കട്ടൻചായയും പരിപ്പുവടയും ചെറിയ ഇലയപ്പവും തന്നു സ്വീകരിച്ചു. വലിയ അണ്ഡാവുകളിൽ കോഴിബിരിയാണി ഉണ്ടാക്കുന്നു. മസാലമണം കൊതിപ്പിച്ചു. ഒരു നിക്കാഹിനുള്ള ഒരുക്കത്തിലാണെന്ന്, മലയാളമറിയാ വുന്ന, ഒരമ്മ പറഞ്ഞു.

എന്നും വൈകുന്നേരം ദ്വീപുനിവാസികളുടെ കലാപരി പാടികളും, ലക്ഷദ്വീപ് ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റ് ഒരുക്കിയിരുന്നു. ഒപ്പനയും ഫോക്സ്ഡാൻസും ഗോത്രവർഗ്ഗപാട്ടുമായിരുന്നു പ്രധാനം. കണ്ണിനും കാതിനും ഇമ്പം നൽകി.

ഒരുച്ചയൂണിനുശേഷം ബീച്ചിലെ മരക്കുടയുടെ നിഴലിൽ വിശ്രമിക്കുമ്പോൾ, ഭാര്യയോടു സംസാരിച്ച ഒരു യുവതി ഞങ്ങളുടെ നാട് വെണ്ണിക്കുളമാണെന്ന് മനസ്സിലാക്കി. അവർക്ക് മഹാകവി വെണ്ണിക്കുളം ഗോപാലക്കുറിപ്പിനെക്കു റിച്ച് ചിലതറിയണമെന്നാവശ്യപ്പെട്ടു. ആ ചുമതല എന്നെ ഏല്പിച്ചു. സ്ക്കൂളിൽ പഠിച്ച ചില കവിതകൾ മഹാകവി യോടു പ്രിയമുണ്ടാക്കി എന്നു പറഞ്ഞ അവിവാഹിതയായ ആ യുവതി, പാലാസെന്റ് തോമസ് കോളേജിലെ പൊളി റ്റിക്സ് അസിസ്റ്റന്റ് പ്രഫസറാണ്. തല മുണ്ഡനം ചെയ്തി രുന്നു. കാവ്യചർച്ചയിൽ അവരുടെ മൂന്നു കൂട്ടുകാരികളും പങ്കു ചേർന്നു. ഒരാൾ കോഴിക്കോട് ഗവ.കേളേജിലെ ഇംഗ്ലീഷ് അധ്യാപികയും മറ്റൊരാൾ ഏഷ്യാനെറ്റിലെ ന്യൂസ് എഡിറ്ററുമാണ്. വിവാഹിതയായ ഏകവ്യക്തി വനില സി.മോഹൻ, മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ സബ് എഡിറ്ററാണ്. ആൺതു ണയില്ലാതെ ദ്വീപ്സന്ദർശനത്തിനിറങ്ങിത്തിരിച്ച, ആ നാൽവർസംഘത്തോടുള്ള സൗഹൃദ കൂട്ടായ്മ മനസിനു നിറവു നല്കി.

വിനോദ സഞ്ചാരികളിലേറെപ്പേരും ഹിന്ദിക്കാരായിരുന്നു, പിന്നെ മലയാളികളും ചെന്നൈയിൽ നിന്നും കർണ്ണാടക ത്തിൽനിന്നുമെത്തിയ ഏതാനുംപേരെയും കണ്ടു. കാശ്മീ രിൽ നിന്നെത്തിയ ഒരു കേണലും ഭാര്യയും കുഞ്ഞുമുണ്ടാ യിരുന്നു. മഞ്ഞുമലയിൽ താമസിക്കുന്ന അവർക്ക് കടൽ എന്നുമൊരു മധുരവികാരവും ആവേശവുമാണെന്നു പറഞ്ഞു! ഹിമസാഗർ ട്രെയിനിലാണ് അവർ കൊച്ചിലി റങ്ങിയത്. മടക്കയാത്ര വിമാനത്തിലും.

അബ്ദുൽ മുത്തലിബ്, അഷ്ക്കർ എന്നിവരായിരുന്നു ഞങ്ങളുടെ ഗൈഡുകൾ. അല്ലാഹുവിന്റെ അടിമ, മാന്യൻ എന്നീ അർത്ഥമുള്ള പേരുകൾ വഹിച്ച അവരുടെ പെരുമാ റ്റവും ഹൃദ്യമായിരുന്നു. അന്തക്ഷോഭങ്ങളെ ഒതുക്കിവച്ച്, ശാന്തമായിരിക്കുന്ന കടൽപ്പരപ്പിൽ കിടക്കുന്ന കപ്പലിൽക്ക യറി, ദ്വീപു സമൂഹത്തോടു യാത്ര പറഞ്ഞപ്പോൾ സമയം വൈകിട്ട് ആറു മണി.പിറ്റേന്ന് രാവിലെ പത്തുമണിക്ക് കൊച്ചി പോർട്ടിലെത്തി. ഞങ്ങളെ സ്വീകരിച്ചത് ക്വീൻ എലിസബേത്ത് ഒന്ന് എന്ന വിശ്വപ്രസിദ്ധമായ ടൂറിസ്റ്റ് കപ്പലായിരുന്നു. അതിന്റെ ഉയരവും വിസ്തൃതിയും ആകാരവടിവും ഒരത്ഭു തക്കാഴ്ച തന്നെയാണ്. ●

സൗഹൃദ ക്രിക്കറ്റ് മത്സരം

സെന്റ് മേരീസ് സിറിയൻ ക്നാനായ പള്ളി Youth Association Hennur Bangalore ന്റെ നേതൃത്വത്തിൽ St. George Knanaya Danlur,Youth Association നുമായി ഒരു സൗഹൃദ ക്രിക്കറ്റ് മത്സരം മാർച്ച് 4-ന് നടത്തുകയുണ്ടായി. പള്ളികളി ലെ വികാരിമാരായ റവ. ഫാ. ജിനു മേലേൽ, റവ.ഫാ. അജു തോമസ് ഇരു ടീമുകൾക്കും ലിജോ മോൻ എവർട്രോളിംഗ് ട്രോഫിയും, എം. സി. ജേക്കബ് എവർട്രോളിംഗ് ട്രോഫിയും നൽകി. അന്നേദിവസം സെന്റ് മേരീസ് Benevelon Fund ന്റെ ഭാഗമായി, Society of Planet Hope ന്റെ 120 ഓളം വരുന്ന കുട്ടികൾക്ക് ഭക്ഷണവും നൽകി. Trustee Jittu Mathew Youth Secretary Justin Jose എന്നിവരോടൊപ്പം Benny Kuruvilla, Hebin Baby, Biju E Punnoose എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

വചനാമൃതം

ഫാ. റോയി മാത്യു, കോറെപ്പിസ്ക്കോപ്പാ മുളമൂട്ടിൽ

ഏപ്രിൽ 22 പുതുഞായറിനുശേഷം

2 – ാം ഞായർ (യോഹ. 4:31 – 38)

ആധുനിക സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾ ദൈവങ്ങളെ അന്വേഷിച്ചു അവരുടെ പിന്നാലെ പോകുവാനുള്ള തത്രപ്പാടിലാണ്. വികലമായ കാഴ്ചപാടിലും അന്ധവിശ്വാസങ്ങളിലും അകപ്പെട്ട് ഇത്തരക്കാർ ആത്മീയ മരണം പ്രാപിക്കുന്നു. പഴയ നിയമത്തിൽ കേവലം അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ജനത്തിനു തന്റെ സാന്നിദ്ധ്യം വിളമ്പരം ചെയ്ത ദൈവം പുതിയ നിയമത്തിൽ മനുഷ്യനായി മനുഷ്യരോടുകൂടി വസിക്കുന്നു. അനുദിന ജീവിതത്തിൽ നമ്മോടു കൂടെയുള്ള ദൈവത്തിന്റെ കടന്നുവരവ് പല സംഭവങ്ങളിലൂടെയായിരിക്കും ദൈവത്തിന്റെ കരുതലിന്റെ ചിത്രം അനാവരണം ചെയ്യുകയാണ് ഇന്നത്തെ വേദഭാഗം.

അസമാധാനവും അസ്വസ്ഥ പരവുമായ ജീവിതം നയിച്ചിരുന്ന ശമര്യസ്ത്രീ ആരും കാണാതെ വെള്ളം കോരാൻ പോയപ്പോൾ അവളുടെ അടുക്കൽ ചെന്ന് ദാഹജലം കുടിപ്പാൻ ചോദിച്ച് ജീവജലം നൽകി ജീവന്റെ അവകാശിയാക്കി തീർത്തു. കടലിൽ യാത്ര ചെയ്തുകൊണ്ടിരുന്ന അപ്പസ്തോലന്മാർ കാറ്റും കോളും പ്രതികൂലമായപ്പോൾ തണ്ടു വലിച്ചു കുഴഞ്ഞ് ക്ഷീണിച്ചിരിക്കുമ്പോൾ രാത്രിയുടെ നാലാം യാമത്തിൽ കടലിൽമേൽ നടന്നു വരുന്ന കർത്താവ് പടകിൽ കയറി അവരെ സ്വസ്ഥരാക്കുന്നു.

സകലത്തിന്റെയും സ്രഷ്ടാവും സർവ്വശക്തനും സർവ്വജ്ഞനും സമ്പൂർണ്ണ സ്നേഹവുമായ യേശുവിന്റെ ഉയിർപ്പിൽകൂടി നിത്യജീവനും നിത്യസമാധാനവും നമുക്ക് തരുന്നു. സർവ്വ സാധാരണമായി നാം കേൾക്കുന്ന ഒരുവാക്കാണ് സമാധാനം. എനിക്ക് മനസ്സിനു ഒരു സമാധാനവും ഇല്ല എന്ന് അനേകരും പറയാറുണ്ട്. കർത്താവ് പറയുന്നത് സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. ഇതിൽ നിന്നും കർത്താവു തരുന്ന സമാധാനവും ലോകം തരുന്ന സമാധാനവും തമ്മിൽ വ്യത്യാസമുണ്ടെന്നു കാണാം. ലോകം തരുന്ന സമാധാനം ശാശ്വതമല്ല. എല്ലാ സുഖസൗകര്യങ്ങളോടും കൂടി ജീവിക്കുന്ന മനുഷ്യനു ശാശ്വതമായ സമാധാനം ഇല്ല. തന്റെ സമാധാനം തന്നിൽ വിശ്വസിക്കുന്നവർക്കു നൽകുന്നുഎന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ ജനനസമയത്ത് മാലാഖമാർ പാടിയത് ഭൂമിയിൽ ദൈവ പ്രസാദമുള്ളവർക്ക് സമാധാനം. തന്റെ മരണത്തെപ്പറ്റി യെശയ്യാവ് പ്രവചിച്ചിരിക്കുന്നത്. അവന്റെ അടിപിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു. സമാധാന പ്രഭുവായ കർത്താവ് ഉയർപ്പിൻ സന്ദേശത്തിൽ തന്റെ ഭക്തന്മാർക്ക് സമാധാനം നൽകി. യഥാർത്ഥ സമാധാനം പാപക്ഷമയാലും രക്ഷാനിർണ്ണയത്തിലും പ്രാപിച്ചവൻ. അവരുടെ സ്വാധീനം കുടുംബത്തിൽ സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നു. സഭയിലും സമൂഹത്തിലും ഈ സമാധാനം നിലനിൽക്കണം.

ഏപ്രിൽ 29 – പുതുഞായറിനു ശേഷം 3 – ാം ഞായർ

മനുഷ്യ ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള ഏറ്റവും മഹത്തായ ഒന്നാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം മരണത്തിന്റേയും ശവകല്ലറമേലും നമ്മുടെ കർത്താവ് സ്ഥാപിച്ച വിജയത്തെ ക്രൈസ്തവ സഭ പ്രത്യേകം സ്മരിക്കുന്ന ഈ ഘട്ടത്തിൽ നാം ആഴമായി ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്.

മനുഷ്യ ജാതിയുടെ ഏറ്റവും വലിയ ആവശ്യം ഒരു ഗുരുവല്ല പ്രസ്തുത ഒരു രക്ഷകനാണ്. "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു." എന്ന കർത്താവിന്റെ മൊഴികൾ ലോകത്തിലാകമാനം ഇന്നും പ്രതിദ്ധ്വനിച്ചുകൊണ്ടേയിരിക്കുന്നു. അവർക്കു ജീവനുണ്ടാകുവാനും സമൃദ്ധിയായ ജീവൻ നൽകുവാനും താൻ വന്നിരിക്കുന്നുവെന്നു ക്രിസ്തു തന്നെപ്പറ്റി അരുളി ചെയ്തിട്ടുള്ളതാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു ചരിത്ര സംഭവമാണെന്ന് ദൃക്സാക്ഷികൾ ഘോഷിച്ചിട്ടുണ്ട്. ഇതരമത സ്ഥാപകൻമാരെല്ലാം അവരുടെ ശവക്കുഴിയിൽ വിശ്രമിക്കുമ്പോൾ ക്രിസ്തുവിന്റെ ശവക്കല്ലറ ഒഴിഞ്ഞുകിടക്കുകയും അവിടുന്ന് ഇന്നും പിതാവിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു. നിറോയുടെയും മറ്റും കാലത്തുണ്ടായ അതിരൂക്ഷമായ പീഢനങ്ങളെ അഭിമുഖീകരിക്കാൻ അന്നത്തെ വിശ്വാസികൾക്ക് സാധിച്ചത് ക്രിസ്തു ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു എന്ന് അവർക്ക് ബോദ്ധ്യപ്പെട്ടതിനാലാണ്. മരിച്ചു മണ്ണടിഞ്ഞ ഒരുത്തനുവേണ്ടി ആരും സ്വജീവനെ ബലിയർപ്പിക്കാൻ മുതിരുന്നില്ല. പതിനായിരക്കണക്കിനുള്ള അക്കാലത്തെ രക്തസാക്ഷികൾ ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന പരമാർത്ഥത്തെ സ്വജീവത ദ്വാര ഉച്ചൈസ്തരം ഉൽഘോഷിക്കുകയായിരുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ കാതലും ശക്തി കേന്ദ്രവും പുനരുത്ഥാനമാണ്.

മെയ് 6 – പുതുഞായറിനു ശേഷം 4 – ാം ഞായർ

ജീവിത പോരാട്ടത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഒരിക്കലെങ്കിലും നന്മയുടെമേൽ തിന്മ ജയമെടുക്കുമോ എന്ന് സംശയിക്കാത്തവർ ചുരുങ്ങും. എങ്കിലും അന്തരംഗത്തിൽ അത്യന്തിക വിജയം ദൈവത്തിനു തന്നെ ആയിരിക്കും എന്ന് നമുക്ക് ഉറപ്പുണ്ട്. ഏദൻ തോട്ടത്തിൽ തുടങ്ങി മനുഷ്യനും ദൈവവും തമ്മിലുള്ള കൂട്ടായ്മ ഇല്ലാതാക്കാൻ സാത്താൻ ശ്രമിക്കുന്നു. ആദമും ഹൗവ്വായും പാപികളായിത്തീർന്നപ്പോൾ ദൈവം പരാജയപ്പെട്ടു എന്ന് പിശാച് കരുതി. എന്നാൽ

ദൈവം തന്റെ വിജയകരമായ പദ്ധതി അവിടെ പ്രഖ്യാപിച്ചു. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും അഥവാ യേശുക്രിസ്തു പിശാചിനെ എന്നേക്കുമായി പരാജയപ്പെടുത്തും. യേശു ഭൂമിയിൽ ആഗതനായതോടെ ദൈവീക പദ്ധതിക്ക് പുതിയ അർത്ഥവും വ്യാപ്തിയും ഉണ്ടായി. ദൈവരാജ്യം സാത്താന്റെ രാജ്യത്തിന് എതിരാണെന്നു കർത്താവ് പഠിപ്പിച്ചു. പാപത്തിൽനിന്നും മാനസാന്തരപ്പെടുവാൻ യേശു ഉപദേശിച്ചു. ദൈവ രാജ്യപ്രവേശനത്തിന്റെ പ്രഥമ യോഗ്യത വീണ്ടും ജനനമാകയാൽ പുതുതായി ജനിക്കുവാൻ യേശു ആഹ്വാനം ചെയ്തു. യേശു മരിച്ച് ഉയിർത്തെഴുന്നേറ്റതിലൂടെ മരണത്തിന്മേൽ നേടിയ വിജയംകൊണ്ട് ദൈവരാജ്യപ്രവേശനം ലഭിച്ചു. സാത്താന്റെ അധികാരത്തിൽനിന്നും രക്ഷിക്കപ്പെട്ടവരെ ദൈവത്തോട് നിരപ്പു വരുത്തി അവരെ തേജസ്ക്കരിക്കുക എന്നതാണ് ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ പ്രധാന ഉദ്ദേശം. ക്രിസ്തുവിൽ വിശ്വസിക്കുന്ന വിശുദ്ധന്മാർക്ക് ഇന്നും വിവിധ നിലയിലുള്ള വിജയം സാദ്ധ്യമാണ്.

1). പാപത്തിന്മേൽ വിജയം (റോമ.5:12-21)

പാപസ്വഭാവത്തിൽമേലും പാപസ്വാധീനത്തിൻമേലും വിശ്വാസിക്ക് ക്രിസ്തുവിൽ വിജയം നേടുവാൻ കഴിയും.

2) മരണത്തിന്മേൽ വിജയം (1.കോരി.15:50-58)

യേശുക്രിസ്തു മരണത്തിന്മേലും പാതാളത്തിന്മേലും വിജയശ്രീലാളിതനായി എങ്കിൽ വിശ്വാസിയും ആ വിജയത്തിൽ പങ്കുള്ളവനാണ്. ഒരു യഥാർത്ഥ വിശ്വാസി മരണത്തെ ഭയപ്പെടില്ല.

3) ലോകത്തിൻമേൽ വിജയം (1.യോഹ.5:4)

ദൈവത്തിൽനിന്നും ജനിച്ചവർ വിശ്വാസത്താൽ ലോകത്തിന്മേൽ വിജയം ഉള്ളവരായിരിക്കും. ലോകത്തിൽ ജയിപ്പാനുള്ളത് കൺമോഹം, ജഡമോഹം, ജീവിതത്തിന്റെ പ്രതാപം ഇവയാണ്.

4. പിശാചിന്മേൽ വിജയം (വെളി. 12:11)

കുഞ്ഞാടിന്റെ രക്തത്താലും ദൈവ വചനത്താലും വിശ്വാസിക്ക് പിശാചിനെ സ്വജീവിതത്തിൽ പരാജയപ്പെത്താൻ സാധിക്കും. താല്ക്കാലിക പരാജയം കണ്ട് നാം പതറരുത്. അത്യന്തിക വിജയം ദൈവത്തിനുള്ളതാണ്. സകല മുഴങ്കാലും അവന്റെ മുമ്പിൽ മടങ്ങുക തന്നെ ചെയ്യും. ക്രിസ്തുവിന്റെ വിജയം സ്വന്തമാക്കി വിജയ ജീവിതം നയിപ്പാൻ കർത്താവ് നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ.

മെയ് 13 - സ്വർഗ്ഗാരോഹണത്തിനുശേഷമുള്ള ഞായർ

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം സഭ വിശുദ്ധിയെ പാലിച്ചകാലത്തോളം വിശ്വാസത്താൽ അവന്റെ കാൽപാടുകളെ പിൻതുടരുകതന്നെ ചെയ്തു. വിശ്വാസത്തിന്റെ തീഷ്ണത നിമിത്തം ഈ ഭൂഗോളം ഒരിക്കലും കണ്ടിട്ടില്ലാത്തവിധം രക്ഷയുടെ സന്ദേശം എത്രയും ത്വരിതമായി അവർ എങ്ങും പരത്തി തൻനിമിത്തം മുടന്തർ സൗഖ്യം പ്രാപിച്ചു, കുരുടന് കാഴ്ച ലഭിച്ചു, മരിച്ചവർ ഉയിർത്തെഴുന്നേറ്റു. അവർക്കെതിരെ അടച്ചിരുന്ന കാരാഗൃഹ വാതിലുകൾ മലക്കെ തുറന്നു. അനേകമായിരങ്ങൾ വിശ്വാസത്തിലേക്ക് കടന്നു വന്നു. അന്നു സുവിശേഷം ഉണക്ക പുല്ലിൽ തീപ്പൊരി പറ്റിയതുപോലെ പറന്നാളിക്കത്തി. ബാബിലോണിന്റെ ഇടുങ്ങിയ തെരുവുകൾ മുതൽ കൈസരുടെ കൊട്ടാരം യേശു ക്രിസ്തുവിന്റെ ശക്തി അനുഭവ വേദ്യമായി.

സകല ജീവിതങ്ങളേയും കയ്യേറ്റം നടത്തുന്ന ശത്രു യേശുവിന്റെ സഭയേയും കയ്യേറി. ആദ്യം തന്നെ അവൻ സഭയുടെ വിശ്വാസത്തെ മുടിച്ചു. ദൈവത്തെ വിശ്വസിക്കുന്നതിൽനിന്ന് അവൻ ജനത്തെ എത്രയും വേഗം പിൻമാറ്റുവാൻ തുടങ്ങി. തൻനിമിത്തം ആദ്യ കാലങ്ങളിലെ തീഷ്ണമായ സംഭവ വികാസങ്ങൾ മങ്ങി വെറും ഓർമ്മയായി പരിണമിച്ചു. സഭ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചു. തൻനിമിത്തം വിശ്വാസത്താൽ ലഭ്യമാകേണ്ട അനുഗ്രഹങ്ങൾ നിലച്ചു. കാര്യങ്ങളെ നിർവ്വഹിക്കുവാനുള്ള ദൈവത്തിന്റെ കഴിവുകളെ സംശയിക്കയും വ്യക്തിപരമായി ദൈവം നൽകുന്ന ദിവ്യരക്ഷയെ സംശയിക്കുകയും ചെയ്യുന്നതുമൂലം ദാരുണമായ ഒരവസ്ഥയിൽ നാം ചെന്നു പതിക്കുന്നു.

ആഫ്രിക്കയിലെ കാടുകളിൽക്കൂടെ യാത്ര ചെയ്തിരുന്ന ഒരു സഞ്ചാരി. അടുക്കി വെച്ചിരിക്കുന്ന കുറെ ചുള്ളികമ്പുകളുടെ കൂമ്പാരങ്ങൾ കാണുകയുണ്ടായി. അവയെന്താണെന്ന് അന്വേഷിച്ചപ്പോൾ മനുഷ്യരുണ്ടാക്കുന്ന തീ കുണ്ടങ്ങളെ അനുകരിച്ച് കുരങ്ങന്മാരുണ്ടാക്കുന്നവയാണ് അവ എന്നു മനസ്സിലായി. മനുഷ്യരെ അനുകരിച്ച് തങ്ങളുണ്ടാക്കുന്ന ചുള്ളിക്കൂമ്പാരങ്ങൾ തീ കുണ്ടങ്ങളെപോലെ കത്തി പ്രകാശിക്കാത്തത് ആ വാനരന്മാരെ ശുണ്ഠിപിടിപ്പിക്കാറുണ്ടത്രെ. ഇന്നത്തെ സഭയുടെ പ്രവർത്തനം ഏതാണ്ടിതുപോലെയാണ്. പ്രവർത്തനങ്ങൾക്കു വേണ്ട എല്ലാ സാഹചര്യങ്ങളും, ആധുനിക സൗകര്യങ്ങളും നമുക്ക് ഇന്നു ധാരാളമായി ലഭിക്കുന്നുണ്ട്. എന്നാൽ അവയെ ഉപയോഗിച്ച് വലിയ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിയാതെ പോകുന്നു. വാനരന്മാരുടെ ചുള്ളിക്കൂമ്പാരങ്ങളിൽ തീയില്ലാത്തതുപോലെ നമ്മുടെ പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിന്റെ അഗ്നി കത്തിജ്വലിക്കുന്നില്ല. സംഘടനാബലവും, വൈവിധ്യമാർന്ന പരിപാടികളെക്കാളുമേറെയായി സഭക്കിന്നാവശ്യമായിരിക്കുന്ന വിശ്വാസവും പരിശുദ്ധാത്മശക്തിയുടെ നിറവാണ്. അന്ധകാരയുഗം അവിശ്വാസം നിമിത്തം അതിശീഘ്രം വ്യാപിക്കപ്പെട്ടു. യുദ്ധങ്ങളും മർദ്ധനങ്ങളും വെറുപ്പും വിദ്വേഷവും മനുഷ്യന്റെ വിശ്വാസ കയറിനെ തകർത്തു കളയുന്ന ഒരു ഉപാധിയായി ശത്രു പ്രയോഗിച്ചു. ദിവ്യമായ ഒരു ജീവിതം മനുഷ്യനു നയിക്കേണ്ടുന്ന ഏകവഴി വിശ്വാസത്തിന്റെ മാർഗ്ഗമാണ്. നീതിമാൻ വിശ്വാസത്താൽ ജീവിക്കും. ആ വഴിയാണ് ഓർത്തഡോക്സ് വിശ്വാസം. (Orthdox fath.)

മെയ് 20 - പെന്തക്കോസ്തി ഞായർ

ക്രിസ്തീയ ജീവിതത്തിൽ വളരെ അനിവാര്യമായ ഒരു അനുഭവമാണ് പരിശുദ്ധാത്മനിറവ്. ഈ അനുഭവം ലഭ്യമാകാതെ ക്രിസ്തീയമായി വളരാൻ ആർക്കും കഴിയുകയില്ല. ഈ ലോക ജീവിത്തിൽ പ്രതികൂലങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ താളടിയാകാതെ നിലനില്പാൻ പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ട് മാത്രമേ സാധ്യമാകൂ. ആദിമ സഭയിൽ ഈ ശക്തിയുടെ നിറവിന്റെ അനുഭവം തികച്ചും പ്രകടമായിരുന്നു. യഹൂദന്മാരുടെയും നീറോ ചക്രവർത്തിയുടേയും മറ്റും ക്രൂരപീഢനങ്ങൾക്ക് മദ്ധ്യേ ക്രിസ്തുവിശ്വാസികൾക്ക് നിലനിൽക്കാൻ കഴിഞ്ഞത് പരിശുദ്ധാത്മ ശക്തികൊണ്ടാണ്. എന്നാൽ ഇന്നു വളരെ അനുകൂല പരിതസ്ഥിതികൾ ലഭിച്ചിട്ടും തീർത്തും നിസ്സാരമായ ചില പ്രതിസന്ധികൾക്കു മുന്നിൽ വിശ്വാസികൾ വാടിത്തളർന്നു പോകുന്നത് പരിശുദ്ധാത്മശക്തിയുടെ അഭാവം കൊണ്ടല്ലാതെ പിന്നെ

എന്തുകൊണ്ടാണ്ടാണ്. ദുഃഖിപ്പിക്കുന്ന പരീക്ഷണ ഘട്ടങ്ങളിൽ നമ്മെ ആശ്വസിപ്പിക്കുവാനും ശക്തികരിക്കുവാനും ഈ ശക്തി അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ബാഹ്യമായി നമുക്ക് എന്തെല്ലാം ഉണ്ടായാലും ആന്തരീകമായ ഈ ശക്തി ഉയരത്തിൽനിന്നും ലഭിക്കുന്നില്ലെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് വ്യക്തിപരമായ നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മ നിറവിനു വേണ്ടി നമ്മെത്തന്നെ ഒരുക്കുകയും ദൈവത്തോടപേക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യം വളരെയുണ്ട്. സഭയുടെ പ്രവർത്തനങ്ങളിലും പരിശുദ്ധാത്മാവിന്റെ നായകത്വം വളരെ ആവശ്യമാണ്. സഭാ പ്രവർത്തനം വിജയിക്കാനും, ആത്മാക്കൾ സഭയിലേക്ക് ആകർഷിക്കപ്പെടുവാനും ഈ നിറവിന്റെ അനുഭവം ഉണ്ടായേ തീരൂ. അദിമ സഭാപിതാക്കന്മാർ ഈ കാര്യം വളരെ വ്യക്തമായി മനസ്സിലാക്കിയിരുന്നു. എന്നാൽ ആധുനിക സഭയിൽ പരിശുദ്ധാത്മാവിനു പ്രഥമ സ്ഥാനം ലഭിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആധുനിക സഭയിൽ ദൈവാത്മാവിനു നൽകേണ്ട സ്ഥാനത്തിനു പകരം ധനികരും ഉദ്യോഗസ്ഥ പ്രമുഖരും, മതമേലദ്ധ്യക്ഷന്മാരും സ്ഥാനം കൈയേറിയിരിക്കുകയാണ്. ആയതുകൊണ്ട് ഇന്നത്തെ സഭയുടെ മുരടിപ്പും കൊഴിഞ്ഞുപോകലും വർദ്ധിച്ചുവരുന്നതു കാണാം. വികാരപരമായ ഇളക്കപ്പെരുക്കങ്ങളെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായി അവകാശപ്പെട്ടുകൊണ്ട് ശക്തിയില്ലാത്ത സമൂഹമായി നാം മാറികഴിഞ്ഞിരിക്കുന്നു. നിരീശ്വര വിശ്വാസവും, ഭൗതീക തീവ്രവാദ പ്രസ്ഥാനങ്ങളും അനാത്മീയ അന്തരീക്ഷവും ലോകത്തിൽ വളർന്നുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സുവിശേഷ സന്ദേശം മുഴക്കുക എന്നത് ഇന്നത്തെ ക്രിസ്തീയ സഭയുടെ വലിയ ഉത്തരവാദിത്വമാണ്. ആ ദൗത്യ നിർവ്വാഹണത്തിനു നമ്മെ പ്രേരിപ്പിക്കുന്നതും പ്രാപ്തരാക്കുന്നതും പരിശുദ്ധാത്മശക്തിയാണ്. ആ ശക്തിയുടെ പ്രവാഹം വ്യക്തി ജീവിത്തിലും, സഭാശുശ്രൂഷകളിലും അനുഭവവേദ്യമായി കാണാം. അല്ലാതെ കുറെ ശബ്ദകോലാഹങ്ങളും വികാര വിക്ഷേപ ബഹളങ്ങളുമല്ല ഇന്നത്തെ ആവശ്യം. നശിച്ചു പോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ഭാരവും സുവിശേഷം അറിയിക്കാനുള്ള ആത്മ പ്രേരണയും പ്രസ്തുത കർത്തവ്യത്തിൽ എന്തു കഷ്ടവും നഷ്ടവും സഹിക്കുവാനുള്ള സന്നദ്ധതയുമാണ് പരിശുദ്ധാത്മാവിൽനിന്നും നമുക്ക് ഉണ്ടാകേണ്ടത്.

കവിത

പശ്ചാത്താപം

ഏബ്രഹാം കെ. അറയ്ക്കൽ,
(അനിയച്ചൻ) കാവാലം

കണ്ണീർ പുഴയിൽ ഒഴുകി നടക്കുന്ന
പങ്കായമില്ലാത്ത തോണിപോലെ
ഇക്കരെ കാറ്റടിച്ചാൽ അക്കരെ പോയിടും
അക്കരെ കാറ്റടിച്ചാൽ ഇക്കരെ വന്നിടുന്ന
ലക്ഷ്യമില്ലാത്തൊരു തോണിപോലെ-ഞാൻ
ലക്ഷ്യമില്ലാതങ്ങലഞ്ഞു നടന്നു.

നാടും വീടും കൂട്ടരേം വിട്ട് ഞാൻ
ഈ നഗരത്തിലൊരംഗമായ് വസിച്ചു,
മാതാപിതാക്കളേം.... ദൈവത്തെയും....മറന്ന്
ഇവിടെ ഞാൻ ഏകനായ് ജീവിച്ചലഞ്ഞു.

തെറ്റുകൾ ചെയ്തു ഞാൻ ജീവിക്കുമ്പോൾ
നാളയെ ഓർത്തു ഞാൻ ആകുലനായില്ല
തല്ലിനു തല്ലും പോരിന് പോരുമായ്
ഈ നഗരത്തിൽ ഞാൻ രാജനായ് വാണു.

ഒരു നാളിൽ ഞാൻ മാതാപിതാക്കളെ....
ഓർത്തെന്റെ കൺകൾ നിറഞ്ഞൊഴുകീ...
അവർ തന്ന സ്നേഹവും.. വാത്സല്യങ്ങളും
ഓർത്തോർത്തു കരഞ്ഞു ഞാൻ തളർന്നുറങ്ങി.

പിറ്റേന്നു കാലത്തെന്റപ്പന്റെ ഭവനത്തിൻ
വാതിലിൽ മുട്ടി ഞാൻ വിളിച്ചു കരഞ്ഞു
തെറ്റുകൾ ചെയ്ത നിൻ മകനാണ് ഞാനപ്പാ...
നിൻ മുൻപിൽ നിൽപാൻ ഞാൻ യോഗ്യനല്ല....

ആലിംഗനത്താൽ മകനെ പുണർന്നപ്പൻ
ആനന്ദ ബാഷ്പങ്ങൾ ഒഴുക്കീയിരുവരും
ഓടി വന്നമ്മതൻ മകനെ പുണർന്നിട്ട്...
ചുടുചുംബനത്താലവനെ തഴുകി തലോടി.

ഇത്രയും കാലം നീ എവിടെ പോയ് മകനെ
കരഞ്ഞു കരഞ്ഞെന്റെ കൺകൾ വരണ്ടു
ഒരു നാളിലെന്റെ മകനെത്തുമെന്ന്
ഉൾകാമ്പിൽ ദൈവം പ്രത്യാശ തന്നു.

മരിച്ചെന്നു കരുതിയ മകനെ ലഭിച്ചയപ്പൻ
കൂട്ടരെയെല്ലാം ക്ഷണിച്ച് സദ്യയും നൽകി
മോടി വസ്ത്രം ധരിപ്പിച്ചാഭരണവുമിട്ട്
അമ്മ തൻ മകനെ മാർവ്വോടണച്ചു.

മാതാപിതാക്കൾ തൻ മകനോടൊപ്പം
യേശുവിൻ സന്നിധിയിൽ മുട്ടുമടക്കി
ആയിരമായിരം നന്ദിയും സ്തോത്രവും
അർപ്പിച്ചു കർത്തനെ പാടി സ്തുതിച്ചു.

ഏകമധ്യസ്ഥനും വ്യാജപ്രബോധകരും

എ. യു. തോമസ്, ആറ്റുപുറത്ത് കരോട്ട്, കുഴിമറ്റം

എന്തെന്നാൽ ഒരു ദൈവമേയുള്ളൂ. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ. മനുഷ്യനായ യേശുക്രിസ്തു (1.തിമോ.2:5). മേല്പറഞ്ഞ വചനത്തെ തർക്ക വിഷയമാക്കിക്കൊണ്ട് ക്രിസ്തീയ ഭവനങ്ങളിലേക്ക് കടന്നു വരുന്ന ചില സഭകളിൽപ്പെട്ട സഹോദരങ്ങൾ-യേശുക്രിസ്തു ഏക മധ്യസ്ഥനാകയാൽ മറ്റ് മധ്യസ്ഥൻമാരോട് പ്രാർത്ഥിക്കുന്നത് വചനവിരുദ്ധമാണെന്ന് വാദിക്കുന്നു.

മനുഷ്യരിൽ നിന്നും പ്രാർത്ഥനകൾ സ്വീകരിച്ച് അവരുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന ഒരു മധ്യസ്ഥനായിട്ടാണ് യേശുക്രിസ്തുവിനെ ഇക്കൂട്ടർ അവതരിപ്പിക്കുന്നത്. വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിക്കുന്നതിന് ഇവർക്ക് വേണ്ടവിധം അറിവ് ലഭിച്ചിട്ടില്ലായിരിക്കാം. അല്ലെങ്കിൽ ഇതരസഭകളെ വഴിതെറ്റിക്കുന്നതിനുള്ള ഒരു അടവ് തന്ത്രമായിരിക്കാം ഇത്.

മേല്പറഞ്ഞ വചനത്തെ അതിന് തൊട്ടുമുമ്പിലും, പിന്നിലും ഉള്ള വചനങ്ങൾ മനഃപ്പൂർവ്വം ഒഴിവാക്കിക്കൊണ്ടാണ് തെറ്റായ വ്യാഖ്യാനത്തിലൂടെ അവർ മറ്റ് ക്രൈസ്തവ സഹോദരങ്ങളിലുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുവാൻ ശ്രമിക്കുന്നത്.

വചനവും അതിന്റെ വ്യാഖ്യാനവും

എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആണ് അവിടുന്ന് ആഗ്രഹിക്കുന്നത് (1 തീമോ.2:4) എന്തെന്നാൽ ഒരു ദൈവമേയുള്ളൂ. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ. മനുഷ്യനായ യേശുക്രിസ്തു (1 തിമോ.2:5) അവൻ എല്ലാവർക്കും വേണ്ടി തന്നെതന്നെ മോചനമൂല്യമായി നൽകി. അവൻ യഥാകാലം നൽകപ്പെട്ട ഒരു സാക്ഷ്യവുമായിരുന്നു (1 തിമോ.2:6).

മേൽപ്പറഞ്ഞ വചനങ്ങളുടെ ശരിയായ വ്യാഖ്യാനം ഇങ്ങനെയാണ്. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ അകൽച്ചയ്ക്ക് കാരണമായി തീർന്ന മനുഷ്യരുടെ പാപത്തെ യേശുക്രിസ്തു സ്വന്തം ശരീരത്തിൽ ഏറ്റെടുക്കുകയും, പാപപരിഹാരത്തിനായി തന്റെ ജീവനെ മറുവിലയായി നൽകി. മാനവരാശിയെ പാപത്തിൽ നിന്നും മോചിപ്പിച്ച് ദൈവവുമായി അനുരഞ്ജിപ്പിക്കുകയും അതോടൊപ്പം നിത്യജീവൻ നൽകി രക്ഷിക്കുകയും, ചെയ്യുകവഴി ദൈവത്തിനും, മനഷ്യർക്കും ഇടയിൽ യേശു ഏകമദ്ധ്യസ്ഥനായിത്തീർന്നു.

(അകന്നുപോയ ദൈവമനുഷ്യബന്ധങ്ങളെ കൂട്ടി ഇണങ്ങി മനുഷ്യർക്ക് നിത്യരക്ഷ ഉറപ്പാക്കികൊടുത്ത വേറൊരു മധ്യസ്ഥനില്ല).

1. ഈ വ്യാഖ്യാനത്തെ ബലപ്പെടുത്തുന്ന ഏതാനും വചനങ്ങൾ കൂടി താഴെചേർക്കുന്നു. പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമലംഘനമാണ്. **പാപങ്ങൾ ഏറ്റെടുക്കാൻ വേണ്ടിയാണ്** അവൻ പ്രത്യക്ഷനായത് എന്ന് നിങ്ങൾ അറിയുന്നു. അവനിൽ പാപമില്ല (1.യോഹ.3:4-5).

2. സ്വർഗ്ഗത്തിലും, ഭൂമിയിലും ഉള്ള എല്ലാ വസ്തുക്കളേയും **അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും** അവൻ കുരിശിൽ ചീന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു. (കൊലോ.1:20)

3. ദൈവം മനുഷ്യരുടെ തെറ്റുകൾ അവർക്ക് എതിരായി പരിഗണിക്കാതെ രമ്യതയുടെ സന്ദേശം ഞങ്ങളെ ഭരമേല്പിച്ചുകൊണ്ട് **ക്രിസ്തുവഴി ലോകത്തെ തന്നോട് രമ്യതപ്പെടുത്തുകയായിരുന്നു** (2.കൊരി.5:19). (മനുഷ്യരുടെ പ്രാർത്ഥനകൾ ദൈവത്തിൻ പക്കൽ എത്തിക്കുന്ന മദ്ധ്യസ്ഥതയല്ല യേശുവിന്റേത് എന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു).

പ്രാർത്ഥനാ ജീവിതത്തിലെ മധ്യസ്ഥൻമാരും, ലൗകീക ജീവിതത്തിലെ മധ്യസ്ഥൻമാരും

പ്രശ്നപരിഹാരത്തിന് ഇടയ്ക്ക് നിൽക്കുന്ന വ്യക്തി മധ്യസ്ഥനാണ്.

(a) പ്രാർത്ഥനാജീവിതത്തിലെ മധ്യസ്ഥൻമാർ

ഒരു വ്യക്തി മറ്റൊരാൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥിക്കുന്ന വ്യക്തി ദൈവത്തിനും, മനുഷ്യർക്കും ഇടയിൽ മധ്യസ്ഥനായിതീരുന്നു. ഭൂമിയിലെ സഹോദരങ്ങൾക്കുവേണ്ടി വിശുദ്ധന്മാർ ദൈവസമക്ഷം പ്രാർത്ഥിക്കുന്നവരാകയാൽ നാം അവരോട് മാധ്യസ്ഥം അപേക്ഷിക്കുന്നു. ഭൂമിയിലെ സഹോദരങ്ങൾക്കുവേണ്ടി വിശുദ്ധന്മാർ ദൈവസമക്ഷം പ്രാർത്ഥിക്കുന്നതിനെക്കുറിച്ച് വി.യോഹന്നാൻ വെളിപാട് പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു. അവൻ അത് സ്വീകരിച്ചപ്പോൾ നാലു ജീവികളും, ഇരുപത്തിനാലു ശ്രേഷ്ഠന്മാരും കുഞ്ഞാടിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു. ഓരോരുത്തരും, വീണയും **വിശുദ്ധരുടെ പ്രാർത്ഥനകളാകുന്ന** പരിമളദ്രവ്യം നിറഞ്ഞ സ്വർണ്ണക്കലശങ്ങളും കൈയ്യിലേന്തിയിരുന്നു (വെളിപാട് 5:8).

വിശുദ്ധന്മാരുടെ പ്രാർത്ഥനകൾ ദൈവത്തിൽ പക്കൽ എത്തിക്കുന്ന ഏഴ് ദൈവദൂതന്മാരിൽ പ്രധാനിയായ റഫായേലിന്റെ വാക്കുകളിൽ നിന്ന്:-

ഞാൻ റഫായേലാണ്; വിശുദ്ധരുടെ പ്രാർത്ഥനകൾ സമർപ്പിക്കുകയും പരിശുദ്ധനായവന്റെ മഹത്വത്തിന്റെ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്യുന്ന ഏഴ് വിശുദ്ധ ദൂതന്മാരിൽ ഒരുവൻ (തോബിത് 12:15).

(b) ലൗകീക ജീവിതത്തിലെ മധ്യസ്ഥൻമാർ ഉദാഹരണസഹിതം കാര്യങ്ങൾ വ്യക്തമാക്കുന്നു

1. രണ്ടു വ്യക്തികൾ തമ്മിൽ പിണങ്ങി അകന്ന് കഴിയുമ്പോൾ അവരെ തമ്മിൽ രമ്യതപ്പെടുത്താൻ ശ്രമിക്കുന്ന മൂന്നാമത് ഒരുവൻ മധ്യസ്ഥനാണ്.

2. രണ്ട് രാജ്യങ്ങൾ തമ്മിൽ ശത്രുതയിൽ കഴിയുമ്പോൾ ഇരു രാജ്യക്കാരേയും തമ്മിൽ രമ്യതപ്പെടുത്തുവാൻവേണ്ടി പ്രശ്ന പരിഹാരത്തിനായി ഇടപെടുന്ന - മൂന്നാമത് ഒരു രാജ്യത്തിന്റെ പ്രതിനിധിയും മധ്യസ്ഥനാണ്.

3. ഒരു ഉന്നതനായ നേതാവും ഒരു ജനസമൂഹം തമ്മിൽ തെറ്റിപ്പിരിഞ്ഞ് അകന്നുകഴിയുമ്പോൾ അവരെ തമ്മിൽ രമ്യതപ്പെടുത്തുവാൻ വേണ്ടി ഇടപെടുന്ന വ്യക്തികളും മധ്യ

സ്ഥൻമാരാണ്.

ദൈവവും മനുഷ്യരും തമ്മിൽ അകലാൻ ഇടയായത് എങ്ങനെയെന്ന് താഴെകാണുന്ന വാക്യങ്ങൾ വെളിപ്പെടുത്തുന്നു.

പാപം ചെയ്യുന്ന മനുഷ്യർ ദൈവത്തെ ശത്രുതാ മനോഭാവത്തോടെ കാണുകയും ദൈവത്തിൽ നിന്നും എപ്പോഴും ഓടി അകലുവാൻ ശ്രമിക്കുകയും ചെയ്യുന്നു. (ഉല്പ.3:8-13)

നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു (എശയ്യാ 59:2)

പാപം ചെയ്ത് ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യരെ ദൈവവുമായി രമ്യതപ്പെടുത്തി നിത്യജീവൻ നൽകുവാനായി ഭൂമിയിൽ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവും മധ്യസ്ഥനുമാണ്.

പാപം ചെയ്ത് ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യരെ ദൈവവുമായി രമ്യതപ്പെടുത്തി നിത്യജീവൻ നൽകുവാനായി ഭൂമിയിൽ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവും മധ്യസ്ഥനാണ്.

പാപം ചെയ്തു ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യരെ അവരുടെ പാപങ്ങൾ ഏറ്റെടുത്തുകൊണ്ട് ദൈവത്തിലേക്ക് അടുപ്പിക്കുന്നതിലൂടെ ആവശ്യങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്ന വിശുദ്ധന്മാരുടെ മധ്യസ്ഥസ്ഥാനവും രണ്ടും രണ്ടാണ്. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം വിവേകമുള്ള ഏതൊരു വിശ്വാസിക്കും മനസ്സിലാക്കാവുന്നതാണ്.

ഡിസ്ട്രിക്ട് കളക്ടറും ബിൽ കളക്ടറും

മേൽ പറയുന്ന രണ്ടുവാക്കുകളിലും കളക്ടർ എന്ന പദപ്രയോഗം കാണാവുന്നതാണ്. ഒരു കളക്ടർ-ജില്ലയുടെ ഭരണാധികാരിയാണെന്നും, അദ്ദേഹത്തിന്റെ ഔദ്യോഗിക പദവി വളരെ വിലപ്പെട്ടതാണെന്നും എല്ലാവർക്കും അറിയാമല്ലോ? ഡിസ്ട്രിക്ട് കളക്ടറെ ബിൽ കളക്ടറുടെ സ്ഥാനത്ത് ചിത്രീകരിച്ചാൽ അവരെ കാര്യവിവരമില്ലാത്തവർ എന്നല്ലാതെ മറ്റെന്താണ് പറയേണ്ടത്? ഏകമധ്യസ്ഥനായ യേശു ക്രിസ്തുവിനെ മറ്റു മദ്ധ്യസ്ഥരുടെ സ്ഥാനത്ത് അവരോധിക്കാൻ ശ്രമിക്കുന്നവരെയും കാര്യങ്ങൾ അറിയാത്തവർ എന്നേ പറയാനാകൂ.

ദൈവത്തിനും മനുഷ്യർക്കും ഇടയിൽ യേശുക്രിസ്തു എങ്ങനെ ഏക മധ്യസ്ഥനായി?

പാപം ചെയ്തതു കാരണം ഏദൻ തോട്ടത്തിൽ പുറത്താക്കപ്പെട്ട ആദത്തിനും, ഹവ്വായ്ക്കും ഒരു രക്ഷകനെ ദൈവം വാഗ്ദാനം ചെയ്യുന്നു. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ആഗമനകാലം വരെയുള്ള ജനങ്ങളെ പാപത്തിൽ നിന്നും പിന്തിരിപ്പിച്ച് ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്നതിനു വേണ്ടി കാലാകാലങ്ങളിൽ ദൈവം ചില പ്രവാചകന്മാരെ മധ്യസ്ഥന്മാരായിട്ട് അയക്കുകയുണ്ടായി. മനുഷ്യരിൽ പാപബോധവും, പശ്ചാത്താപവും ജനിപ്പിക്കുന്ന മധ്യസ്ഥകർമ്മം നിർവ്വഹിക്കുക മാത്രമായിരുന്നു അവരുടെ ദൗത്യം.

പാപത്തിൽ ജനിച്ച മനുഷ്യമക്കളായ പ്രവാചകന്മാർക്ക് മനുഷ്യരുടെ പാപങ്ങൾ ഏറ്റെടുക്കുവാനോ, പാപത്തിന് പരിഹാരം ചെയ്ത് നിത്യജീവൻ നൽകി മനുഷ്യരെ രക്ഷിക്കുവാനോ കഴിയുമായിരുന്നില്ല. **പാപമോചനം** അന്ന് യേശുക്രിസ്തുവിൽ മാത്രം നിക്ഷിപ്തമായിരുന്നു.

കാലത്തിന്റെ പൂർണ്ണതയിൽ യേശുക്രിസ്തു മനുഷ്യനായി ഭൂമിയിൽ അവതരിക്കുകയും മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമായി കുരിശിൽ തന്റെ ജീവൻ ബലിയായി അർപ്പിക്കുകയും ചെയ്തു. പാപങ്ങൾക്ക് പരിഹാരം ചെയ്യുക വഴി ദൈവവും, മനുഷ്യരും തമ്മിലുള്ള ബന്ധത്തെ പുനഃസ്ഥാപിക്കുവാനും അതോടൊപ്പം മനുഷ്യർക്ക് നിത്യരക്ഷ ഉറപ്പാക്കിക്കൊടുക്കുവാനും യേശു ക്രിസ്തുവിന് സാധിച്ചു.

മനുഷ്യരുടെ പാപങ്ങൾ സ്വയം ഏറ്റെടുത്ത്, പാപങ്ങൾക്ക് പരിഹാരം ചെയ്ത് പാപത്തിൽ നിന്നും മോചിപ്പിച്ച് മാനവരാശിയെ വീണ്ടെടുത്ത ഒരേ ഒരു മധ്യസ്ഥൻ യേശുമാത്രമേയുള്ളൂ എന്ന് അപ്പസ്തോലനായ പൗലോസ് തന്റെ ലേഖനത്തിലൂടെ നമുക്ക് ബോധ്യമാക്കി തന്നിരിക്കുന്നു.

യേശുക്രിസ്തുവിന് മുമ്പ് മധ്യസ്ഥൻമാരായി കടന്നുവന്ന പ്രവാചകൻമാർക്ക് പൂർണ്ണമായി വിജയിക്കുവാൻ സാധിക്കാത്ത രംഗത്ത് യേശുക്രിസ്തു നേടിയ വിജയത്തെ ആണ് "ഏക മധ്യസ്ഥൻ" എന്ന പ്രയോഗത്തിലൂടെ അപ്പസ്തോലനായ പൗലോസ് തന്റെ ലേഖനത്തിലൂടെ നമുക്കു ബോദ്ധ്യപ്പെടുത്തിത്തരുന്നത്. ●

പുസ്തക പരിചയം

കേരളത്തിലെ ക്രൈസ്തവ സഭകൾ

പ്രൊഫ. ഫാ. ജോസഫ് കുളത്രാമണ്ണിൽ

225 രൂപ. C.S.S. ബുക്ക് ഷോപ്പ്, തിരുവല്ല

കേരളത്തിലെ ക്രൈസ്തവ സഭകളെപ്പറ്റി വസ്തുനിഷ്ഠമായ ഒരു പഠനം നടത്തി ബഹു. ഫാ. ജോസഫ് കുളത്രാമണ്ണിൽ രചിക പുസ്തകമാണ് കേരളത്തിലെ ക്രൈസ്തവസഭകൾ. ഇത് ചരിത്ര വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും ഉപകാരപ്രദമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

മിക്കസഭയും ആഗ്രഹിക്കുന്നത് അവരുടെ സഭയാണ് ഏറ്റവും പുരാതനമെന്നു പറയാനാണ്. എന്നാൽ ബഹു. അച്ചന് അങ്ങനെയൊരു വീക്ഷണം ഉള്ളതായി തോന്നുന്നില്ല. ചരിത്രത്തെ വളച്ചൊടിക്കാതെ ഉള്ളതുപോലെതന്നെ എഴുതാനാണ് അച്ചൻ ശ്രമിച്ചിട്ടുള്ളത്.

മലങ്കരയിൽ പോർട്ടുഗീസുകാരുടെ ആഗമനത്തോടെ ആരംഭിച്ച സാമൂഹിക സംഘർഷങ്ങളും പാശ്ചാത്യബന്ധത്തിലൂടെ ഉടലെടുത്ത പ്രൊട്ടസ്റ്റന്റ് സഭകളുടെ മുന്നേറ്റങ്ങളും സംക്ഷിപ്തമായി ഇതിൽ ചേർത്തിട്ടുണ്ട്. എടുത്തുപറയേണ്ട മറ്റൊന്ന് അച്ചന്റെ ഭാഷാശൈലിയാണ്. സാധാരണക്കാർക്കുപോലും മനസ്സിലാകത്തക്ക ലളിതമായ ഭാഷയാണ് പുസ്തകത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നത്. ചരിത്രവിദ്യാർത്ഥികൾക്കും വരും തലമുറകൾക്കും ഈ പുസ്തകമൊരു മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. പുരോഹിതൻ, അദ്ധ്യാപകൻ, ഗ്രന്ഥകാരൻ എക്യുമെനിസ്റ്റ് എന്നീ നിലകളിൽ ശ്രദ്ധേയമായ ബഹു. കുളത്രാമണ്ണിൽ ജോസഫ് അച്ചന് എന്റെ അനുമോദനങ്ങളും ആശംസകളും നേരുന്നു.

ഏബ്രഹാം കല്ലിശ്ശേരി

ദൈവരാജ്യം ഇങ്ങനെയുള്ളവരുടേത്

സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

യേശുക്രിസ്തു ശിശുക്കളെ സ്നേഹിച്ചു. മാത്രമല്ല ശൈശവത്തിന്റെ മഹത്വത്തെ പ്രകീർത്തിക്കുകയും ചെയ്തു. ശിശുക്കൾ മുതിർന്നവരെ മാതൃകയാക്കണമെന്ന് സാധാരണ പറയുമ്പോൾ യേശു മുതിർന്നവരോട് പറയുന്നത് നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിത്തീരണമെന്നാണ്; എങ്കിൽ മാത്രമേ ദൈവരാജ്യം അവകാശമാക്കുവാൻ കഴിയൂ. ശൈശവത്തിന്റെ നൈർമ്മല്യം, പതറാത്ത വിശ്വാസം, അനുരഞ്ജനപ്പെടുന്ന മനസ്സ്, അതിരില്ലാത്ത പ്രതീക്ഷ, കളങ്കമില്ലാത്ത സ്നേഹം ഇവയൊക്കെയാണ് ശിശുക്കളെ ദൈവരാജ്യ അവകാശികളാക്കുന്നത്. (വി.മത്തായി 18:1-4), മർക്കോസ് 9:36, ലൂക്കോസ് 9:46).

ശിശുരോഗവിദഗ്ദനും കാൻസർ സ്പെഷ്യലിസ്റ്റുമായ ഡോക്ടർ ജയിംസ് ബ്രൗൺ ഒരു ബാലനേപ്പറ്റി ഹൃദയസ്പൃക്കായ സാക്ഷ്യം നൽകുന്നു. ബോബി എന്ന നാലു വയസ്സുകാരൻ, ആരെയും ആകർഷിക്കുന്ന പെരുമാറ്റം. വിടർന്ന നീല കണ്ണും പുഞ്ചിരിക്കുന്ന മുഖവുമുള്ള അവൻ ഊർജ്ജസ്വലനായി കാണപ്പെട്ടു. പരിശോധനയിൽ അവൻ "ലുക്കീമിയ" (രക്തത്തിൽ കാൻസർ) ബാധിച്ചെന്ന് വ്യക്തമായി. രോഗത്തിന്റെതായ സ്വഭാവമൊന്നും തിരിച്ചറിയാനുള്ള പ്രായം അവനില്ലല്ലോ. എങ്കിലും ദീർഘമായ എന്തോ ചികിത്സ വേണ്ടിവരുമെന്ന് അവന് മനസ്സിലായതുപോലെ തോന്നി.

ശക്തമായ ഔഷധം കുത്തിവയ്ക്കുന്ന കിമോത്തെറാപ്പി ചികിത്സ ആരംഭിച്ചു. അത് വളരെ വേദനാജനകമാണ്. കുത്തിവയ്പ്പു പ്രക്രിയ ഏറെനേരം കൊണ്ടാണ് തീരുന്നത്. അതു കഴിയുമ്പോൾ വല്ലാത്ത അസ്വാസ്ഥ്യം ഈർഷ്യ അതെല്ലാം ധീരതയോടെ ബോബി സഹിച്ചു. തലമുടി എല്ലാം കൊഴിഞ്ഞ് മൊട്ടത്തലയനായി.

ചികിത്സ ആരംഭിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. ഡോക്ടർ ബ്രൗണുമായി അവൻ വളരെ അടുത്തു. കുട്ടികളുടെ മനഃശാസ്ത്രം അറിയാവുന്ന ഡോക്ടർ അവനോട് കളികൂട്ടുകാരനേപ്പോലെ വർത്തിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ മറ്റൊരു ഔഷധം കുത്തിവയ്ക്കുവാൻ നിശ്ചയിച്ചു. അത് വളരെ വേദന ഉളവാക്കുന്നതാണ്. എന്തെല്ലാം ചെയ്യാൻ പോകുന്നു എന്ന് വിശദമായി ഡോക്ടർ അവനോടു പറഞ്ഞു. മുമ്പൊക്കെ നന്നായി വർത്തിക്കുകയും സഹകരിക്കുകയും ചെയ്തതുപോലെ ഇപ്രാവശ്യവും അനുവർത്തിക്കണമെന്നു പറഞ്ഞു. ശാന്തമായി ഇരുന്നു കൊള്ളാമെന്നും ആരും അവനെ പിടിക്കണ്ടാ എന്നും അവൻ അറിയിച്ചു.

കുത്തിവയ്പ് ആരംഭിച്ചപ്പോൾ ബോബി ചോദിച്ചു. "ഡോക്ടർ എന്നെ കുത്തുമ്പോൾ ഞാൻ 23-ാം സങ്കീർത്തനം ഉറക്കെ ചൊല്ലുന്നതിൽ തെററില്ലല്ലോ" തീർച്ചയായും അതേറ്റവും നന്നായിരിക്കും എന്ന് ഡോക്ടർ മറുപടി നൽകി.

ബോബി വ്യക്തമായും സ്പുടമായും സാവധാനത്തിലും സങ്കീർത്തനമാരംഭിച്ചു "യഹോവ എന്റെ ഇടയൻ എനിക്കൊന്നിനും കുറവിണ്ടാകയില്ല.പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തും. പ്രശാന്തമായ ജലാശയത്തിനടുത്തേക്ക് അവൻ എന്നെ നയിക്കുന്നു. എന്നെ നീതിയുടെ പാതയിൽ നടത്തുന്നു. മരണത്തിന്റെ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നത് എങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല'' ഇങ്ങനെ ചൊല്ലിക്കൊണ്ട് അവൻ സങ്കീർത്തനം പൂർണ്ണമാക്കി. അവൻ കരഞ്ഞില്ല, ശരീരം അനക്കിയില്ല; കുത്തിവയ്പ് തീർന്നപ്പോൾ അവൻ പറഞ്ഞു ഡോക്ടർ ബ്രൗൺ, ഇന്നെനിക്ക് വലിയവേദന ആയിരുന്നില്ല, തുടർന്ന് അവൻ ചോദിച്ചു ഡോക്ടർ അങ്ങേയ്ക്ക് 23-ാം സങ്കീർത്തനം അറിയാമോ. 'തീർച്ചയായും അറിയാം' എന്ന് ഡോക്ടർ പറഞ്ഞു. ഞാൻ ചൊല്ലിയതുപോലെ ഡോക്ടർക്ക് ചൊല്ലാമോ?

ചൊല്ലാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതു പറഞ്ഞപ്പോൾ ഡോക്ടർക്ക് അല്പം പരുങ്ങലുണ്ടായിരുന്നു."എന്നാൽ അത് കേൾക്കട്ടെ'' എന്നായി ബോബി. ഡോക്ടർ ഒരു വിധത്തിൽ ചൊല്ലിയൊപ്പിച്ചു. അപ്പോഴേയ്ക്കും മുറിയിലുള്ള പലരും പിൻവാങ്ങുന്നുണ്ടായിരുന്നു. കാരണം അവരോടും ചൊല്ലണമെന്ന് ബോബി ആവശ്യപ്പെട്ടാൽ കുഴങ്ങിയതുതന്നെ.

അതിനുശേഷം ബോബി എല്ലാവരോടുമായി പറഞ്ഞവാക്കുകൾ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു."നിങ്ങൾ എല്ലാവരും 23-ാം സങ്കീർത്തനം മനഃപാഠമാക്കണം. കാരണം, നിങ്ങൾ അത് ഉറക്കെ ചൊല്ലുമ്പോൾ ദൈവം അത് കേൾക്കുന്നു. നിങ്ങൾക്ക് സ്വയമായി ശക്തിയില്ലാത്തപ്പോൾ നിങ്ങൾക്ക് ശക്തി നൽകാൻ ദൈവം ഉണ്ടെന്ന് നിങ്ങളുടെ ഹൃദയത്തിൽ ബോദ്ധ്യമാക്കുന്നു. ഈ വാക്യം അഞ്ചുവയസ്സുള്ള ഒരു ബാലനിൽ നിന്നുണ്ടായതെന്ന് ഓർക്കുമ്പോൾ ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതെന്ന് യേശുക്രിസ്തു പ്രസ്താവിച്ചത് എത്ര സത്യമാണെന്ന് ബോദ്ധ്യമാകും.

വിവാഹ ഒരുക്ക സെമിനാർ

2018 മെയ് മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 10, 11, 12 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പു തന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലിഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

Fr. Thomas Abraham, Malayasseril
(Director)
Ph: 0469-2608155, 9447411554

Fr. Shaji Jacob, Puthenpurackal
(Secretary)
Ph: 9446986780

കർത്താവിന്റെ മലർവാടി

പിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനുജത്തിമാരെ,

നല്ല വർത്തമാനങ്ങൾ കേൾക്കുന്നത് എല്ലാവർക്കും സന്തോഷമുള്ള കാര്യമാണ്. മറ്റുള്ളവർ നമ്മെക്കുറിച്ച് നല്ല തുപറയുമ്പോഴും അതു കേൾക്കുമ്പോഴും നമുക്ക് അഭിമാനവും സന്തോഷവും തോന്നാറുണ്ട്. എന്നാൽ ചിലരുടെ പുകഴ്ത്തൽ കേട്ടാൽ അതു ഞാൻ തന്നെയാണോ എന്നു തോന്നിപ്പോകാറുണ്ട്. പൊക്കിപറയുന്നതും പൊക്കിപറയിപ്പിക്കുന്നതും ഇന്ന് ആളുകളുടെ ഒരു ശീലമായി മാറിക്കൊണ്ടിരിക്കുന്നു. മുഖസ്തുതി പറഞ്ഞ് കാര്യം നേടുന്നവരും ഇന്ന് ധാരാളമുണ്ട്.

ഒരു രാജസദസ്സിൽ പന്ത്രണ്ട് മന്ത്രിമാർ ഉണ്ടായിരുന്നു. ഈ മന്ത്രിമാരുടെ എല്ലാം പ്രത്യേകത രാജാവിനെ സദാസമയവും പുകഴ്ത്തി പറയുകയായിരുന്നു. പരസ്പരം മത്സരിച്ച് രാജാവിനെ പുകഴ്ത്തി പറഞ്ഞ് പൊങ്ങച്ചക്കാരനായ രാജാവിൽ നിന്ന് സമ്മാനങ്ങൾ സ്വീകരിക്കുക അവരുടെ സ്ഥിരം പരിപാടിയായിരുന്നു.

ഒരിക്കൽ ബുദ്ധിമാനായ ഒരു സന്യാസി രാജസദസ്സിൽ വന്നു. രാജാവിന്റെ മന്ത്രിമാരുടെ രാജാവിനെക്കുറിച്ചുള്ള പുകഴ്ത്തൽ കേട്ട് അദ്ദേഹത്തിന് ആശ്ചര്യം തോന്നി. പക്ഷെ അതെല്ലാം കാപട്യത്തിന്റെ വാക്കുകളാണെന്ന് മനസ്സിലാക്കിയ സന്യാസി അവരുടെ പൊയ്മുഖങ്ങൾ രാജാവിനെ മനസ്സിലാക്കിക്കൊടുക്കുവാൻ തീരുമാനിച്ചു.

സന്യാസി രാജാവിനോട് പറഞ്ഞു "അല്ലയോ രാജാവേ; അങ്ങയുടെ മന്ത്രിമാർ ഈ പറയുന്നതെല്ലാം യഥാർത്ഥ സ്നേഹത്തിൽ നിന്നാണോ എന്ന് ഞാൻ അങ്ങയെ കാട്ടിത്തരാം".

അങ്ങ് ഞാൻ പറയുന്നതുപോലെ മന്ത്രിമാരോട് ആവശ്യപ്പെടുക രാജാവു സമ്മതിച്ചു. അദ്ദേഹം മന്ത്രിമാരോട് പറഞ്ഞു "ഈ വരുന്ന കറുത്തവാവു രാത്രിയിൽ പാതിരാ സമയം പാലിൽ കുളിക്കുന്ന ഒരു ശീലമെനിക്കുണ്ട്. അതുകൊണ്ട് ഉദ്യാനത്തിന്റെ മദ്ധ്യത്തിൽ വച്ചിരിക്കുന്ന വലിയ പാത്രത്തിൽ നിങ്ങളെല്ലാവരും ഓരോ തൊട്ടി പാൽ എനിക്കുവേണ്ടി ഒഴിക്കണം" മന്ത്രിമാരെല്ലാം സമ്മതിച്ചു. അന്ന് പ്രഭാതത്തിൽ രാജാവ് ഉദ്യാനത്തിൽ വച്ചിരുന്ന പാത്രം പരിശോധിച്ചപ്പോൾ അതിൽ ഒരു തുള്ളി പാൽപാലും കണ്ടില്ല മറിച്ച് മുഴുവൻ വെള്ളമായിരുന്നു. ഓരോ മന്ത്രിമാരും ഇങ്ങനെ വിചാരിച്ചു. 'എല്ലാവരും പാൽ ഒഴിക്കുമ്പോൾ ഞാനതിൽ ഒരു തൊട്ടി വെള്ളമൊഴിച്ചാൽ ആരറിയുവാൻ' മാത്രമല്ല നല്ല ഇരുട്ടുമാണ്.

പ്രിയപ്പെട്ട കൂട്ടുകാരെ പലപ്പോഴും മുഖസ്തുതിക്കാരുടെ യഥാർത്ഥ സ്വഭാവമിതാണ് അവർ സ്നേഹം കൊണ്ടും ആത്മാർത്ഥതകൊണ്ടും ഒന്നുമായിരിക്കുകയില്ല അങ്ങനെ പുകഴ്ത്തുന്നത്. കാര്യ സാദ്ധ്യത്തിനുവേണ്ടിയുള്ള വെറും അഭിനയം മാത്രം.

മറ്റു ചിലരാകട്ടെ അവരുടെ പ്രീതി പിടിച്ചുപറ്റാൻ ആഗ്രഹിക്കുന്നതുകൊണ്ട് സത്യം വിളിച്ചുപറയാറുമില്ല. ഇങ്ങനെ ഒരു ശ്ലോകമുണ്ട്.

"നേപാളക്ഷിതി തന്നിൽ വസിക്കും
ഭൂപാലന്റെ ലാലടം തന്നിൽ
ചേറുപുരണ്ടാലുമതുവില
പേറില്ലാത്തൊരു കസ്തൂരിക്കുറി
എന്നല്ലാതൊരു മനുജന്മാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ
കുങ്കുമമണിയും തിരുനെറ്റിക്കൊരു
പങ്കംപുരളാൻ എന്തവകാശം
ശങ്കര ശിവ!ശിവ! ചേരാതുള്ളൊരു
ശങ്കിച്ചവനൊരബദ്ധക്കാരൻ!"

അതായത് രാജാവിന്റെ തിരുനെറ്റിയിൽ ചേറ് പുരണ്ടിരിക്കുന്നതുകണ്ടാലും അത് കളഭക്കുറിയാണെന്നേ പറയാവൂ. അതല്ല അതു ചെളിയാണ് എന്നു പറഞ്ഞാൽ രാജാവ് അവന്റെ തലയെടുക്കും. പ്രിയപ്പെട്ട കൂട്ടുകാരെ മുഖസ്തുതികൊണ്ട് പലതും നേടുവാൻ കഴിഞ്ഞെന്നിരിക്കും. പക്ഷെ പുകഴ്ത്തൽ കേൾക്കുമ്പോൾ അതിന്റെ ആത്മാർത്ഥതയും സത്യസന്ധതയും ഒന്നു വിലയിരുത്തുന്നത് നല്ലതാണ്. പുകഴ്ത്തൽ എന്ന കാപട്യത്തിന്റെ ഇരകളാകാതിരിക്കുവാൻ ഉള്ളതിനെ ഉള്ളതുപോലെ കാണാനും പറയാനും സത്യം മറച്ചുപിടിച്ച് അസത്യം പെരുപ്പിക്കാനും ഒരിക്കലും നിങ്ങൾ തുനിയരുത്. സത്യത്തോടു സഖിത്വവും നീതിയോട് കൂറും കാണിക്കുക.

ഉയിർപ്പുതിരുനാളിന്റെ ആശംസകളോടെ

നിങ്ങളുടെ കൊച്ചിച്ചാച്ചൻ

ബാംഗ്ലൂരിൽ താമസ സൗകര്യം

Bangalore, Hennur St. Mary's Knanaya Syrian പള്ളിയോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ **Guest Room** മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതാണ്. **Bangalore** ൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇത് ഏറെ പ്രയോജനം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

Vicar: + 918762592382
Trustee: +919538577355
Secretary: +919844082280
Vicar Fr. Jinu Mathew

വിവാഹിതരായി

രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയപള്ളി ഇടവകയിൽ ഐക്കര കുര്യാക്കോസിന്റെയും വത്സ കുര്യാക്കോസിന്റെയും മകൻ **ലിറ്റോ കുര്യാക്കോസും** മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വള്ളിയേക്കൽ വി. കെ. തോമസിന്റെയും ജെസ്സി തോമസിന്റെയും മകൾ **റ്റാനിയ തോമസും** തമ്മിലുള്ള വിവാഹം 2018 ഫെബ്രുവരി 10 ശനിയാഴ്ച രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയ പള്ളിയിൽ **അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ** മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു

Advt - O

വിവാഹിതരായി

ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ മടുക്കും മൂട്ടിൽ മാത്യു എം. ഏലിയാസിന്റേയും (പോളി) (മനോരമ കൊച്ചി) ബീനാ മാത്യുവിന്റേയും പുത്രൻ **റിഷിൻ ഏലിയാസ് മാത്യു (അപ്പു)** (ബഹ്റിൻ) കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളി ഇടവകയിൽ തിരുവല്ല കാവുംഭാഗം പനച്ചിയിൽ പി. ജെ. ജയിക്കബ്ബിന്റെയും (റോയി) രമണി ജയിക്കബ്ബിന്റേയും പുത്രി **ജിപ്സാ പി. ജയിക്കബ്** (സൗദി) തമ്മിലുള്ള വിവാഹം ഫെബ്രുവരി 8 –ാം തീയതി ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ തൃത്തൂട്ടി ധ്യാനകേന്ദ്രം ഡയറക്ടർ അഭി. സഖറിയാസ് മോർ ഫിലക്സിനോസ് തിരുമേനിയുടെയും വൈദികരുടെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

Advt - R

25th Wedding Anniversary

18 – 04 – 2018

ഫാ. ഡോ. ജെയിംസ് & ഷൈനോ

തോടത്തിൽ, കുറിച്ചി

ആശംസകളോടെ

എലിശബ, ഏബൽ, ഹന്ന

Advt - O

മാമ്പുഴക്കരി സെന്റ് ജോർജ്ജ് ക്നാനായ പള്ളി പുതുക്കിപണിയ ശേഷം ബാക്കി വന്ന തുക, കൺസ്ട്രക്ഷൻ കമ്മിറ്റി ട്രഷറർ ശ്രീ. സാബു മുട്ടത്തിൽ വികാരി ഫാദർ സി. സി. ഏലിയാസ് കട്ടേലിനെ ഏൽപ്പിക്കുന്നു. കൺസ്ട്രക്ഷൻ കമ്മിറ്റി ജോ. കൺവീനർ ശ്രീ ഷാലു കോന്ത്യാപറമ്പിൽ ജോ. ട്രഷറർ ശ്രീ. എ. സി. ജേക്കബ് അഞ്ചിൽ ട്രസ്റ്റി കുഞ്ഞുമോൻ സ്ക്കറിയ കൂനാവാടയിൽ കമ്മിറ്റി അംഗങ്ങളായ ശ്രീ. സ്ക്കറിയ മുളമൂട്ടിൽ കെ. എ. ബേബി കോന്ത്യാപറമ്പിൽ, ജോയി പുത്തൻകളം, ലിറ്റോ തെക്കേമാന്നാറൻചിറ, രാജു ഇടയാടിചിറ, സാജൻ കിഴക്കേത്തലക്കൽ, സനോജ് മുട്ടത്തിൽ

Advt - O

കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ ചരിവുപറമ്പിൽ ഉതുപ്പാൻ ജോസഫിന്റെയും അമ്മിണി ഉതുപ്പാന്റെയും മകൻ നിബിൻ ഉതുപ്പാനും ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ ഒറ്റതൈക്കൽ പരേതനായ ലിജി തോമസിന്റെയും സുജ ലിജിയുടെയും മകൾ മെറിൻ ലിജിയും തമ്മിലുള്ള വിവാഹം 2017 ഡിസംബർ 28 – ന് ക്നാനായ സമുദായ മെത്രാപോലീത്ത ആർച്ച് ബിഷപ്പ് അഭി. കുര്യാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തയുടെ പ്രധാന കാർമികത്വത്തിൽ കല്ലിശ്ശേരി ക്നാനായ വലിയപള്ളിയിൽ വച്ചു നടത്തുകയുണ്ടായി.

Advt - O

വിവാഹിതരായി

മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കുറ്റിക്കാട്ടിൽ കെ. എം. ജേക്കബിന്റെയും ഡെയ്സി ജേക്കബിന്റെയും മകൻ ജെറിനും റാന്നി അഞ്ചാനി സെന്റ് ജോർജ് പള്ളി ഇടവകയിൽ ഇടയപറമ്പിൽ സജി ഏബ്രഹാമിന്റെയും മർഫി സജിയുടെയും മകൾ ചിന്നുവും തമ്മിലുള്ള വിവാഹം 2018 ജനുവരി 6 – ാം തീയതി മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വെച്ച് അഭിവന്ദ്യ ഡോ. അയുബ് മാർ സിൽവാനോസ്തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

50 – ാം വിവാഹ വാർഷികം

16 – 04 – 2018

ഏബ്രഹാം ചാക്കോ (സണ്ണി)
ചിന്നമ്മ സണ്ണി

വാരണത്ത് നടുപ്പറമ്പിൽ, മള്ളുശ്ശേരി
കോട്ടയം

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

ആശംസകളോടെ: മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - R

48 – ാം വിവാഹ വാർഷികം

05 – 04 – 2018

കെ. കെ. ഏബ്രഹാം (ബേബിച്ചായൻ)
ശോശാമ്മ ഏബ്രഹാം
കല്ലുങ്കൽ, താഴത്തങ്ങാടി, കോട്ടയം

"ഇത്രത്തോളം യഹോവ സഹായിച്ചു ഇത്രത്തോളം ദൈവം
ഞങ്ങളെ നടത്തി ദൈവത്തിന് സ്തോത്രം"

ആശംസകളോടെ: മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - O



15 – ാം ചരമവാർഷികം

11 – 04 – 2018

40 – ാം ചരമദിനം

07 – 04 – 2018

കുറിയാക്കോസ് ഏബ്രഹാം & സാറാമ്മ ഏബ്രഹാം

തുണ്ടത്തിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

PROJECT BY
WAKE

KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ കല്യാണങ്ങൾ
നിങ്ങളുടെ വിരൽത്തുമ്പിൽ

info@knanayaweddings.com I knanayaweddings@gmail.com
www.knanayaweddings.com

എറണാകുളം
+91 7025422 022 / 70254 22011
ചിങ്ങവനം +91 94461 46000

Advt - O

46-ാംചരമവാർഷികം
04.04.2018

K.T.THOMAS
Kozhimattathil
Chingavanam

10-ാംചരമവാർഷികം
27.04.2018

ANNAMMA THOMAS
Kozhimattathil
Chingavanam

4 – ാം ചരമ വാർഷികം

26 – 04 – 2018

Baby Kuriakose

(Forest Contractor)

Kavunkal, Angadi, Ranny

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

12th Birthday in Heaven

26-04-2018

Prince Thomas Chacko

Elmont, Newyork, U.S.A.

(Ammanathu, Kattode)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

YOUR LOVING FAMILY & FRIENDS

Advt - S

7 – ാം ചരമ വാർഷികം

19 – 04 – 2018

സി. എ. ചാക്കോ
(ഫിലിപ്പ്)

തുണ്ടിയിൽ, കുറ്റൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

2 – ാം ചരമ വാർഷികം

29 – 04 – 2018

Sunny Abraham

Kallamparampil, Ranni (Boston)

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

1 – ാം ചരമ വാർഷികം

15 – 04 – 2018



ഇ. എസ്സ്. സ്കറിയ (കുഞ്ഞുമോൻ)

ഇളവൻകളം, മുളയ്ക്കാംതുരുത്തി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

12 – ാം ചരമവാർഷികം

26 – 04 – 2018

P. C. Mathew

7 – ാം ചരമവാർഷികം

14 – 09 – 2018

Chinnamma Mathew

Puthenpurayil, Chingavanam

PEECEE Textiles, Chingavanam

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

40 – ാം ചരമദിനം

14-04-2018

സാറാമ്മ കുര്യാക്കോസ്

മാമ്പറ, രാമമംഗലം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

3rd Death Anniversary

27/04/2018

Thomas Pothen

**Mundukottackal Paaranickal,
Thiruvanandapuram (Ranni)**

We shall meet on that beautiful shore

Inserted by

Kunjoonjamma Thomas (Wife)
Prashant (Son)
Bindhu (Daughter) & Dr. Simpson Joseph (Son-in-law)
Grand children : Jeremy, Naomi & Tobi

Advt - O

4th Death Anniversary
21-04-2018

Molly Mathew
(W/o Mathew Thomas)

Koottothara, Punalur, Mangalore

Inserted by Sorrowing Family

Advt - R

Loving Memory of

T. A. ABRAHAM
Kazhuthumoottil House

Veliyanadu

By Dear & Near

Advt - R

3 – ാം
ചരമ വാർഷികം
16 – 03 – 2018

എം. പി. മാത്യു
(മാത്തുക്കുട്ടി)
മാലത്തുശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

1 – ാം ചരമ വാർഷികം
01 – 04 – 2018

ഏലിയാമ്മ സ്കറിയ
കിഴക്കേകളം, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

40 – ാം ചരമദിനം
15 – 04 – 2018

പി. ജെ. പൗലോസ്
കവലയ്ക്കൽ (ജൂഫിൻ)
ചിങ്ങവനം

സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ

Advt - O

1st Death Anniversary
13 – 04 – 2018

K. J. ZACHARIAH (SOMAN)
Kizhakkemuriyil
Muttada, Trivandrum

നിൻ ശരണത്തിൽ നിദ്രിതനാം
ദാസനു മശിഹാ സ്മൃതി നൽകി
നിൻ മഹിമോദയ ദിവസത്തിൽ
വലഭാഗത്തായ് ചേർക്കേണം"

By Sorrowing Family

Advt - B

40 – ാം ചരമദിനം

12 – 04 – 2018

അച്ചാമ്മ മാത്യു

മുണ്ടപ്ലാക്കൽ, പുതുശ്ശേരിമല, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

2 – ാം ചരമവാർഷികം

05 – 04 – 2018

T. K. KURIAN (PAPPACHAN)

Mepparathil Thekkattil
Thottamon, Ranny

സന്തപ്ത കുടുംബാംഗങ്ങൾ

Advt - A

6th Birthday in Heaven

22 – 04 – 2018

MELVIN MOHAN. K (19)

(S/O MOHAN & MAYMOL)

Kavumkal Melvin Villa
Tholassery, Thiruvalla

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

Beloved Family

Advt - S

3 – ാം ചരമവാർഷികം

23 – 05 – 2018

റീവ് മാത്യു

ഒറ്റപ്ലാമൂട്ടിൽ
ചിക്കാഗോ,
യു. എസ്. എ

16 – ാം ചരമവാർഷികം

2 – 05 – 2018

ഈശ്വരൻപറമ്പിൽ അച്ചൻ

കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

40 – ാം ചരമദിനം

08 – 04 – 2018

Advt - R

മറിയാമ്മ ചെറിയാൻ (73)

നൊച്ചുമണ്ണിൽ, ഒഴുവൻപാറ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ."

40 – ാം ചരമദിനം

16 – 04 – 2018

P. P. Philip (Kunju pattathil)

Puthoor house ,Ranny,Edamon

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

50th Death Anniversary

30th April 2018

M. K. Punnoose
(Mannil Kunjachen)

10th Death Anniversary

20th March 2018

Mariamma Punnoose

Aykkattumannil, Nellickamon, Ranni

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

ചാൾസ് ഡിക്കൻസ് വായിച്ചു വളർന്ന പ്രതിഭ

എബി

ചെറുപ്രായത്തിൽ ഇത്രയധികം യാതനകളും അപമാനവും സഹിച്ചുകൊണ്ട് ഒരാൾക്ക് ജീവിക്കുവാൻ കഴിയുമോ. ഇന്നത്തെ തലമുറയ്ക്ക് ഇതൊരത്ഭുതമായിരിക്കും. എന്നിട്ടും ആ ബാലൻ ജീവിച്ചു. കടബാധ്യതകളുടെ പേരിൽ ജയിലിലായ അച്ഛൻ. അമ്മയ്ക്കു പുറമെ ഏഴ് സഹോദരങ്ങൾ പഠനം ഉപേക്ഷിച്ച് ഷൂ പോളീഷുമുതൽ ചുമടെടുപ്പുവരെ ചെയ്തുകൊണ്ട് കുടുംബം പോറ്റാൻ അമ്മയെ സഹായിച്ചു. എന്നിട്ടും ജോലിയുടെ ഇടവേളകളിൽ കിട്ടുന്നതെന്തും വായിച്ചു. ദാരിദ്ര്യവും പട്ടിണിയും അപമാനവും നിറഞ്ഞ ആ ബാല്യകാലം അയാളെ എഴുത്തുകാരനാക്കി. അതാണ് ഷേക്സ്പിയർക്കുശേഷം ഇംഗ്ലീഷ് സാഹിത്യം കണ്ട ഏറ്റവും മഹാനായ എഴുത്തുകാരൻ ചാൾസ് ഡിക്കൻസ്.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ലണ്ടൻ. ധനത്തിലും പ്രതാപത്തിലും മുൻപന്തിയിൽ നിന്ന മനോഹരമായ ആ നഗരത്തിന് മറ്റൊരു മുഖം കൂടി ഉണ്ടായിരുന്നു. തൊഴിലില്ലായ്മയും, ദാരിദ്ര്യവും അസമത്വവും, തനിമയും വൈചിത്രങ്ങൾ നിറഞ്ഞതുമായ കഥാപാത്രസൃഷ്ടികളിലൂടെ ഡിക്കൻസ് അവയെല്ലാം മറയില്ലാതെ വരച്ചുകാട്ടി. എന്നിട്ടും ലണ്ടൻ നഗരത്തെ ഡിക്കൻസ് സ്നേഹിച്ചു എന്നതാണ് യാഥാർത്ഥ്യം. അതിന്റെ വർണ്ണക്കാഴ്ചകളും ശബ്ദ സൗകുമാര്യവും അദ്ദേഹത്തിനെന്നും പ്രിയപ്പെട്ടതായിരുന്നു.

1812 ഫെബ്രുവരി 7 ന് ഇംഗ്ലണ്ടിലെ പോർട്ട്സ് മതത്തിലെ ലാൻഡ് പോർട്ടിൽ ചാൾസ് ഡിക്കൻസ് ജനിച്ചു. അച്ഛന്റെ പേര് ജോൺസ് ഡിക്കൻസ്. അമ്മ എലിസബത്ത്. അച്ഛൻ റോയൽ. നേവി ഓഫീസിൽ ക്ലാർക്ക് ആയിരുന്നു. ഡിക്കൻസിന് പന്ത്രണ്ടു വയസുള്ളപ്പോഴാണ് അച്ഛൻ കടബാധ്യതകളിലകപ്പെട്ട് ലണ്ടനിലെ മാർഷൽസിയാ തടവറയിലടയ്ക്കുന്നത്. പിന്നീടുള്ള ജീവിതം ദുരിതപൂർണ്ണമായിരുന്നു. ഏഴു സഹോദരങ്ങളുള്ള കുടുംബത്തെ പോറ്റുന്നതിൽ അമ്മയെ സഹായിക്കാനായി പഠിത്തം ഉപേക്ഷിച്ച് തൊഴിലാളിയായി. അന്ന് ചെയ്യാത്ത ജോലികളില്ല. കയ്പേറിയ ആ അനുഭവങ്ങളുടെ നേർക്കാഴ്ച ഡിക്കൺസിന്റെ കൃതികളിൽ നമുക്കു കാണാൻ കഴിയും.

പതിനഞ്ചാമത്തെ വയസ്സിൽ 'എ പോപ്പുലർ വാക്ക്' എന്ന ചെറുകഥ എഴുതുന്നതോടെയാണ് ഡിക്കൻസ് സാഹിത്യ ജീവിതത്തിലേക്ക് കാലെടുത്തു വയ്ക്കുന്നത്. ഇതിനിടയിൽ കുറച്ചുനാൾ വക്കീൽ ഗുമസ്തനായും ജോലി നോക്കി. പിന്നീട് പത്രലേഖകനായി. കോമൺസ് സഭാ നടപടികൾ റിപ്പോർട്ടു ചെയ്യാൻ തുടങ്ങിയതോടെ പ്രശസ്തനായി. 'സ്ക്കെച്ചസ് ബൈ ബോസ്' എന്ന കൃതിയിലൂടെ എഴുത്തുകാരനെന്ന നിലയിലും ശ്രദ്ധിക്കപ്പെട്ടു. 1837 ൽ പ്രസിദ്ധീകരിച്ച 'പിക് വിക് പേപ്പേഴ്സ്' എന്ന ഹാസ്യകൃതി ഡിക്കൻസിനെ പ്രശസ്തിയുടെ നെറുകയിലെത്തിച്ചു. തുടർന്നാണ് നോവൽ രചനയ്ക്ക് തുടക്കം കുറിച്ചത്. ഒലിവർ ട്വിസ്റ്റ് 'നിക്കോളാസ് നിക്കിൾ ബൈ' എന്നിവ രചിച്ചു. 19-ാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് സാമൂഹിക ജീവിതത്തെ അതിന്റെ പച്ചയായ രൂപത്തിൽ അദ്ദേഹം തുറന്നു കാട്ടി. ദുഃഖിതരുടെയും നിസ്സഹായരുടെയും ജീവിതകഥ ലളിതമായ ഭാഷയിൽ ചാൾസ് എഴുതി.

1842 ൽ ഡിക്കൻസ് അമേരിക്കയിലെത്തി. 'അമേരിക്കൻ കുറിപ്പുകൾ' എന്ന കൃതിയിലൂടെ അമേരിക്കൻ ഭരണസംവിധാനത്തെ വിമർശിച്ചു. അവിടെ നിന്നിരുന്ന അടിമത്വത്തിനെതിരെയും അദ്ദേഹം ശബ്ദമുയർത്തി.

'എ ക്രിസ്മസ് കരോൾ', എ ടെയ്ൽ ഓഫ് ടൂ സിറ്റീസ്' 'ഗ്രേറ്റ് എക്സ്പെക്റ്റേഷൻ' തുടങ്ങിയവയാണ് മറ്റു പ്രധാന കൃതികൾ. ഫ്രഞ്ച് വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ ലണ്ടൻ, പാരീസ് എന്നീ നഗരങ്ങളുടെ കഥയാണ് 'എ ടെയ്ൽ ഓഫ് ടൂ സിറ്റീസി' ലെ പ്രമേയം. 'ഡേവിഡ് കോപ്പർ ഫീൽഡ്' അദ്ദേഹത്തിന്റെ ആത്മകഥയാണെന്ന് പരിഗണിക്കപ്പെടുന്നു. ഡിക്കൻസിന് ഏറ്റവും ഇഷ്ടപ്പെട്ട കൃതിയും അതുതന്നെയാണ്.

